THE GOOD SHEPHERD BULLETIN

A LAITY INITIATIVE FOR PEACE, UNITY AND ENLIGHTENMENT

പുസ്തകം: 03 | 2025 ഓഗസ്റ്റ് - ഒക്ടോബർ (1200 കർക്കടകം- 1201 കന്നി) | ലക്കം: 4

എഡിറ്റോറിയൽ

സഭാജീവിതം : സ്ത്രീപങ്കാളിത്തം സജീവമാക്കണം

സഭയുടെ ചരിത്രം പരിശോധിച്ചാൽ ആത്മീയ ജീവിതത്തിലും സാക്ഷ്യത്തിലും സ്ത്രീസാന്നിധ്യം സജീവമായിരുന്നതായി കാണാം. സഭയുടെ വളർച്ചയിൽ സ്ത്രീകൾ ജീവവായു പോലെ പ്രവർത്തിച്ചതിനും, ശുശ്രൂഷകളിൽ അവസരങ്ങളും, സ്ഥാനങ്ങളും നൽകപ്പെട്ടതായും (ഉദാ: Deaconess) ദൃഷ്ടാന്തങ്ങളുണ്ട്.

കാലക്രമേണ, അതിൽ മാറ്റം വന്നതായും, സ്ത്രീകൾ പ്രധാന സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്നതായും, പുരുഷമേധാവിത്വ സംവിധാനം പ്രബലപ്പെടുന്നതായും കാണുന്നു. ഈ സാഹചര്യത്തിലാണ് സഭയുടെ ആരാധനാ ജീവിതത്തിലും ഭരണ സംവിധാനത്തിലും ആത്മീയ സംഘടനകളിലുമുള്ള സ്ത്രീകളുടെ പങ്കാളിത്തം സംബന്ധിച്ച് സെമിനാറുകൾ മൂന്നു സെഷനുകളിലായി 'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്', ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംഘടിപ്പിച്ചത്. സഭയുടെ ഭാവി നിർമിതിക്ക് ശുഭത നൽകുന്നതിനാൽ അത് അനിവാര്യമാണെന്ന തിരിച്ചറിവാണ് ഞങ്ങളെ അതിനു പ്രേരിപ്പിച്ചത്. ഇക്കാര്യത്തിൽ പല സഭാ വിഭാഗങ്ങളും ഉണർന്നു ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യാൻ തുടങ്ങിയിട്ടുള്ള പശ്ചാത്തലവും ഗൗരവമായി പരിഗണിക്കപ്പെട്ടു.

ആരാധനകളിലും, സൺഡേസ്കൂൾ അധ്യാപനത്തിലും സ്ത്രീകളുടെ ഇടപെടൽ സഭയെ ജീവസുറ്റതായി മാറ്റുന്നു. തലമുറകളിൽ വിശ്വാസബോധം വളർത്തുന്നതിൽ അമ്മമാർക്ക് വലിയ പ്രാധാന്യമാണുള്ളത്. ഭരണരംഗത്തും മറ്റു തലങ്ങളിലുമുള്ള വനിതാ പ്രാതിനിധ്യം സഭയുടെ ജനാധിപത്യബോധത്തെയും ഉൾക്കൊള്ളലിനെയും ശക്തിപ്പെടുത്തും. സ്ത്രീ പുരുഷന്മാർ ഉൾപ്പെടെ വിശ്വാസ സമൂഹമൊന്നാകെ സഭാ കാര്യങ്ങളിൽ നേതൃത്വം കൊടുക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം സമഗ്രമായി തീരുന്നത്.

ആത്മീയ സംഘടനകളിൽ, പ്രത്യേകിച്ച് മാർത്ത് മറിയം വനിതാ സമാജം പോലെയുള്ള പ്രസ്ഥാനങ്ങളിൽ, സ്ത്രീകളുടെ കരുത്തും നേതൃത്വവും സഭയെ സാമൂഹ്യജീവിതത്തിലേക്കും കാരുണ്യപ്രവർത്തനങ്ങളിലേക്കും കൂടുതൽ സജീവമാക്കുന്നവയാണ്. വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യ സംരക്ഷണം, സമൂഹസേവനം, ആത്മീയ വളർച്ച, അങ്ങനെ എല്ലായിടത്തും സ്ത്രീ പങ്കാളിത്തം സഭയെ ജനകീയവും ശക്തവുമായി നിലനിർത്തുവാൻ പര്യാപ്തമാക്കുന്നതാണ്.

സഭയുടെ പരമോന്നത സമിതിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന മലങ്കര അസോസിയേഷനിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. മലയോര-കുടിയേറ്റ-തീരദേശ മേഖലകളിലെ കുടുംബങ്ങൾക്കായി പ്രത്യേക സാമ്പത്തിക ശാക്തീകരണ കർമ്മ പരിപാടികൾ ആവിഷ്കരിക്കണം. സഭയുടെ ആരാധനയിൽ സ്ത്രീകളുടെ പങ്കാളിത്തം തുലോം പരിമിതമാണ്. സഭ നിശ്ചയിച്ചിട്ടുള്ള പ്രാതിനിധ്യം പോലും ഇടവകകളിൽ യാഥാർത്ഥ്യം ആകുന്നില്ല എന്നുള്ളതും ശ്രദ്ധിക്കേണ്ടതാണ്. കത്തോലിക്ക - പ്രൊട്ടസ്റ്റന്റ് സഭകളിൽ സ്ത്രീകൾക്ക് നൽകുന്ന ആരാധനാ പങ്കാളിത്തചുമതലകൾ നമ്മൾ യാഥാർത്ഥ്യബോധത്തോടെ അംഗീകരിക്കണം. അത്തരം സാധ്യതകൾ നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ ഭാവി തലമുറകളെ ആത്മീയമായി ശക്തരാക്കി മാറ്റാനുള്ള ഉത്തരവാദിത്തം സ്ത്രീ പങ്കാളിത്തത്തോടെ മാത്രമേ പൂർണ്ണമായി സാധ്യമാകൂ. സ്ത്രീകളെ ആരാധനയുടെയും ഭരണത്തിന്റെയും ആത്മീയസംഘടനകളുടെയും പരിപാടികളിൽ മാത്രം കാണാതെ, സഹയാത്രികരായി, സഹനേതാക്കളായി ഉയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിന് നമ്മുടെ അവബോധവും കാഴ്ചപ്പാടുകളും സമീപനങ്ങളും മാറ്റത്തിനു വിധേയമാക്കണം. സഭാസമിതികൾ ഈ വിഷയത്തിൽ ഗൗരവമായ ചിന്തയും നടപടികളും കൈക്കൊള്ളണം.

സഭാ ജീവിതത്തിൽ വനിതാ പങ്കാളിത്തം തേടി സെമിനാറുകൾ

തിരുവല്ല : "ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പി"ന്റെ ആഭിമുഖ്യത്തിൽ "സഭാജീവിതം: വനിതകളുടെ പങ്കാളിത്തം" എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് ഘട്ടങ്ങളിലായി ഓൺലൈൻ സെമിനാറുകൾ സംഘടിപ്പിച്ചു. ജൂലൈ 18-ന് നടന്ന ഒന്നാം ഘട്ട ചർച്ച "ആരാധനയിൽ വനിതകളുടെ പങ്കാളിത്തം" എന്ന വിഷയത്തെയാണ് കേന്ദ്രീകരിച്ചത്. ഫാ. ഷിബു കുര്യൻ, ജിജി ജോൺസൺ എന്നിവർ വിഷയാവതരണം നടത്തി. മഞ്ജു തോമസ് മോഡറേറ്റർ ആയിരുന്നു .

ജൂലൈ 25-ന് നടന്ന രണ്ടാംഘട്ട സെമിനാറിൽ 'ഭരണനിർവ്വഹണത്തിൽ വനിതകളുടെ പങ്കാളിത്തം' എന്ന വിഷയമാണ് ചർച്ചചെയ്തത്. മിനി ജോസഫ്, അനില എൽസ തോമസ് എന്നിവർ വിഷയം അവതരിപ്പിച്ചു. ഡോ. ജോസ് പാറക്കടവിൽ മോഡറേറ്റർ ആയിരുന്നു.

തുടർച്ച 2-ാം പേജ്

അശരീരി — ജോസ് കുളനട

സഭാജീവിതം : ഭരണനിർവ്വഹണത്തിൽ വനിതകളുടെ പങ്കാളിത്തം

അനില എൽസ തോമസ്

ആധുനിക ലോകത്ത് ലിംഗ സമത്വം അഥവാ 'Gender Equality ' എന്നതിനേക്കാൾ കൂടുതൽ സാംഗത്യം 'ലിംഗ തുല്യത' അഥവാ 'Gender Equity' എന്ന ആശയത്തിനാണെന്നു തോന്നുന്നു. കാരണം, അടിച്ചമർത്തപ്പെട്ട വിഭാഗമായിരുന്ന സ്ത്രീകൾ ശാക്തീകരണത്തിന്റെ ഭാവം ഉൾകൊണ്ടു കഴിഞ്ഞു. അതു പൂർണ്ണമായി എന്ന് സ്ഥാപിക്കുവാൻ സാധ്യമല്ലായെന്നതും യാഥാർത്ഥ്യമാണ്. സ്ത്രീകളുടെ അവസ്ഥയിൽ മാറ്റം വന്നിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. എന്നിരുന്നാലും സമത്വത്തെക്കാളുപരിയായി 'തുല്യത' കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉദാ: ഒരു പിതാവിന്റെ വസ്തു രണ്ടുമക്കൾക്കായി ഭാഗിക്കുന്നത് സമത്വം. എന്നാൽ ഓരോ മക്കളുടെയും സാമ്പത്തിക സ്ഥിതിയനുസരിച്ച്, ആവശ്യമനുസരിച്ച് ഏറ്റക്കുറച്ചിലുകളോടെയെങ്കിലും ഭാഗിക്കുന്നതാണ് തുല്യത. അപ്പോൾ തുല്യത എന്നത് ഓരോരുത്തരുടെയും അർഹതയും, ആവശ്യവുമനുസരിച്ച് നൽകപ്പെടുന്നതാണ്. സഭയുടെ പ്രധാന ദൗത്യവും, വിമോചന ദൗത്യം അഥവാ 'Liberation Mission' തന്നെയാണ്. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാ കാലത്ത് താൻ വീണ്ടെടുത്തതും അന്നത്തെ ദുർബ്ബലരും വെറുക്കപ്പെട്ടവരുമായ സത്രീകളേയും, പാപികളേയും, ചുങ്കക്കാരേയും, രോഗികളേയും, അധഃസ്ഥിതരെയുമാണ്. "നസ്രത്ത് മാനിഫെസ്റ്റോ" എന്നറിയപ്പെടുന്ന വി.ലൂക്കോസിന്റെ സുവിശേഷം 4:18 ഓർമ്മിപ്പിക്കുന്നതും ഈ വിമോചന ദൗത്യമാണ്.

ഉല്പ 1:26 "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" മനുഷ്യനെ എന്നല്ലാതെ അവിടെ സ്ത്രീയെന്നോ, പുരുഷനെന്നോ പരാമർശിക്കുന്നില്ല. സൃഷ്ടി വിവരണത്തിൽ സ്ത്രീ, പുരുഷന്റെ തലയിൽ നിന്നോ, കാലിൽ നിന്നോ അല്ല സൃഷ്ടിക്കപ്പെട്ടത്, പിന്നെയോ പുരുഷനോട് തുല്യത ഉറപ്പാക്കുന്നവിധത്തിൽ വാരിയെല്ലിൽ നിന്നാണ്. അവനു മിതെയുമല്ല, കീഴെയുമല്ല എന്നത് പ്രസക്തമാണ്. 1 കൊരി. 11:11 "കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല" സമസ്ത മേഖലകളിലും പുരുഷനോടൊപ്പം തന്നെ സ്ത്രീകളും തങ്ങളുടെ മികവും തെളിയിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെയെങ്കിൽ സഭാതലത്തിൽ, ഭരണനിർവ്വഹണത്തിലും സ്ത്രീകൾക്ക് ശോഭിക്കുവാൻ സാധിക്കുമെന്നതിന് സംശയമില്ല. ദിദിമോസ് പ്രഥമൻ കാതോലിക്കബാവാ, വേണ്ട പര്യാലോചനകളോടും തീരുമാനങ്ങളോടും കൂടി ഇടവക തലത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് അവരെ ഭരണസംവിധാനത്തിന്റെ ഭാഗമാക്കുന്നതിൽ നേതൃത്വം നൽകി. അതുകൊണ്ട് സഭ, സ്ത്രീകളെ ഭരണതലത്തിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നത് വ്യക്തമാണ്. എന്നിരുന്നാലും വിശ്വാസ സമൂഹം അത്രമേൽ സ്വാഗതം ചെയ്യുന്നില്ലായെങ്കിൽ അതിനു പിന്നിലുള്ള ചില കാരണങ്ങൾ വിശകലനം അർഹിക്കുന്നു.

1. പുരുഷ മേധാവിത്വം അംഗീകരിക്കുന്ന ഒരു സാമൂഹിക പശ്ചാത്തലം – യാഥാസ്ഥിതിക മനോഭാവത്തിൽ സ്ത്രീകളുടെ സ്ഥാനലബ്ധി, മറ്റു സ്ത്രീകളിൽ തന്നെ അസൂയ ഉളവാക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷ മേധാവിത്വ സാമൂഹിക പശ്ചാത്തലം മാറ്റത്തിനു വിധേയമാകണം.

2. അനർഹരായവർ സ്ഥാനങ്ങളിലെത്തുന്ന തെറ്റായ വ്യവസ്ഥിതി

Heary Fayol ന്റെ 14 മാനേജ്മെന്റ് സിദ്ധാന്തങ്ങളിലൊന്നാണ് Order Principal, Right Person in the right position എന്നത് അനർഹരായ സ്ത്രീകൾ സ്ഥാനങ്ങളിലെത്തിയാൽ, സ്ത്രീയെന്ന ആനുകൂല്യം തെറ്റായി ഉപയോഗിച്ചേക്കാം എന്ന ഭയം പുരുഷന്മാരിലുണ്ട്. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയനുസരിച്ച് സ്ത്രീകൾക്ക് പ്രത്യേക പരിഗണനയും, സംരക്ഷണവും കല്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ചിലപ്പോഴെങ്കിലും ഇവ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. ദേവാലയങ്ങളിൽ ഈ സ്ഥിതിവിശേഷം ഉണ്ടായാൽ ആത്മീയ വളർച്ചയെ അതു പ്രതികൂലമായി ബാധിക്കും.

3. ആദ്ധ്യാത്മികതയിലെ ഭൗതികവാദം

ലോകനിയമങ്ങളിലോ, വ്യവസ്ഥിതികളിലോ മൂല്യങ്ങൾക്കു വലിയ സ്ഥാനമുണ്ടാകണമെന്നില്ല. താഴ്മ, വിനയം, സഹിഷ്ണുത, കരുതൽ, പങ്കുവെയ്ക്കൽ, പരസ്പര ബഹുമാനം, ത്യാഗ മനോഭാവം, സത്യസന്ധത മുതലായ ഗുണങ്ങൾ സ്ത്രീ-പുരുഷ ഭേദമന്യേ ഏവരും കൈവരിക്കേണ്ടതാണ്. ഇവ നഷ്ടപ്പെടുമ്പോൾ ആദ്ധ്യാത്മിക ഭാവം തന്നെ നഷ്ടപ്പെടുന്നു. സഭ മുഴുവനായും, പ്രത്യേകിച്ച് ഭരണതലങ്ങളിലെത്തുന്നവർ ഈ മൂല്യങ്ങളുടെ കാവൽക്കാരായിരിക്കണം. ഇല്ലായെങ്കിൽ സ്ഥാനങ്ങൾ ഭൗതികഭാവം അണിയും.

ശരിയായ വ്യക്തി ശരിയായ സ്ഥാനത്തെത്തിയാൽ അവിടെ ലിംഗ വ്യത്യാസത്തിന് പ്രസക്തി നഷ്ടപ്പെടും. അത്തരത്തിലുള്ള ഒരു ദിശാബോധവും, ദൈവകൃപയും നമുക്ക് ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(തിരുവനന്തപുരം ലയോള സ്കൂൾ അദ്ധ്യാപികയാണ് ലേഖിക)

സഭാജീവിതത്തിൽ വനിതാ പങ്കാളിത്തം തേടി സെമിനാറുകൾ

തുടർച്ച 1-ാം പേജ്

ഓഗസ്റ്റ് ഒന്നിനു നടന്ന മൂന്നാം ഘട്ട സെമിനാറിൽ 'ആത്മീയ സംഘടനകളിൽ വനിതകളുടെ പങ്കാളിത്തം' എന്ന വിഷയത്തിൽ മർത്ത് മറിയം വനിതാ സമാജം ജനറൽ സെക്രട്ടറി പ്രൊഫ. മേരി മാത്യു, ബസ്സലി ഈപ്പൻ എന്നിവർ സംസാരിച്ചു. ഡോ. അലക്സ് ഫിലിപ്പ് മോഡറേറ്ററായിരുന്നു.

ഒന്നാം ഘട്ട സെമിനാറിൽ ആരാധനയിൽ സ്ത്രീ പങ്കാളിത്ത ചുമതലകൾ തുലോം കുറവാണെന്ന് വിലയിരുത്തി. ചില ഇടവകകളിൽ പഴമവായനയും തീരെ കുറച്ചിടങ്ങളിൽ ശ്ലീഹാവായനയും അനുവദനീയമായിട്ടുണ്ടെങ്കിലും പല വൈദീകരും വേണ്ടത്ര പ്രോത്സാഹിപ്പിക്കുന്നില്ല എന്നുള്ളതും ഇടവകകളിൽ തന്നെ ചിലയിടങ്ങളിൽ വിശ്വാസ സമൂഹം യാഥാസ്ഥിതിക ബോധത്തോടെ സമീപിക്കുന്നതും ചർച്ചയായി. Deaconess തിരികെ കൊണ്ടുവരണമെന്ന ആവശ്യവും ചർച്ചയിൽ മുന്നോട്ടുവന്നു.

ആത്മീയ സംഘടനകളിൽ മർത്ത് മറിയം സമാജം നേതൃത്വം നൽകുന്ന ജീവകാരുണ്യ പദ്ധതികൾ, പഠന പദ്ധതികൾ എന്നിവയുടെ അനുകരണീയ മാതൃകകളെ ഒന്നാം ഘട്ട സെമിനാറിൽ പരാമർശിച്ചു. എന്നാൽ മർത്ത് മറിയം സമാജ പ്രവർത്തനങ്ങൾ അതിലെ അംഗങ്ങൾക്ക് മാത്രം പരിമിതപ്പെടുത്തുക, പ്രാർത്ഥനാ കൂട്ടായ്മ അവരിൽ മാത്രം ഒതുക്കി നിർത്തുന്നത് എന്നിവ വിമർശനത്തിന് വിധേയമായി. നേതൃത്വസ്ഥാനത്ത് നിൽക്കുന്ന വനിതകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കാതെ വരുന്നത് ഒരു പോരായ്മയായി അവതരിക്കപ്പെട്ടു. മാനേജിംഗ് കമ്മറ്റിയിൽ മർത്ത് മറിയം വനിതാസമാജ പ്രതിനിധികളെ ഉൾപെടുത്തണമെന്ന് ശക്തമായ നിർദ്ദേശം ചർച്ചയിൽ മുമ്പോട്ടു വന്നു. വിവിധ ആത്മീയ സംഘടനകളിൽ ഇപ്പോഴും വനിതകൾക്ക് നേതൃസ്ഥാനം വഹിക്കാൻ പറ്റാത്ത രീതിയിൽ ഭരണസംവിധാനങ്ങൾ നിലനിൽക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തി നിൽക്കുമ്പോൾ അൽമായരുടെ ഇടയിലുള്ള ലിംഗ വിവേചനം അവസാനിപ്പിക്കണം എന്ന ശക്തമായ ആവശ്യം സെമിനാറിൽ പങ്കെടുത്ത വനിതാ പ്രതിനിധികൾ ഉയർത്തി.

രണ്ടാംഘട്ട സെമിനാറിൽ സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനും, അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും സഭാഭരണഘടനാനുസൃതം അവകാശം കിട്ടിയത് ഗുണകരമാകുന്നുണ്ടെന്ന് വിലയിരുത്തി. എന്നാൽ, ഇടവക ഭരണത്തിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നുവെന്നതിൽ അസന്തുഷ്ടി പ്രകടമായി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, ഭദ്രാസന പൊതുയോഗം എന്നീ സമിതികളിലേക്കും, മാനേജിങ് കമ്മിറ്റിയി ലേക്കും വനിതാപങ്കാളിത്തം ഉറപ്പാക്കുവാൻ സഭാഭരണഘടനയിൽ ഭേദഗതിയുണ്ടാകണമെന്ന ആവശ്യവും സെമിനാറിൽ പങ്കെടുത്തവർ ഉയർത്തി.

മൂന്നാംഘട്ട സെമിനാറിൽ, സഭയിലെ ആത്മീയ സംഘടനകളിൽ, കാര്യനിർവാഹക ചുമതലകളിൽ സ്ത്രീകൾക്കും അർഹമായ അവസരങ്ങളും സ്ഥാനങ്ങളും നൽകണമെന്ന ചിന്ത പങ്കുവച്ചു. ഇപ്പോൾ സഭയിൽ ഉണ്ടായ പ്രസ്ഥാനങ്ങളായ മാർ ദീവന്നാസ്യോസ് ഫെലോഷിപ്പിലും സെ. ജോസഫ് എൽഡേഴ്സ് ഫെലോഷിപ്പിലും കാര്യമായ വനിതാ നേതൃത്വ പങ്കാളിത്തമില്ലാത്തത് ചിലർ ചൂണ്ടികാട്ടി. ആത്മാർത്ഥതയോടെയും, ആത്മീയതയോടെയും, സമർപ്പണത്തോടെയും മടികൂടാതെ സേവനമനുഷ്ഠിക്കുവാനുള്ള വനിതകളുടെ കഴിവ് ഉപയോഗപ്പെടുത്തുവാൻ ബോധ പൂർവമായ ഇടപെടൽ ഉണ്ടാകണമെന്ന് സെമിനാർ അഭിപ്രായപ്പെട്ടു.

സഭയിലെ വിവിധ മേഖലയിലെ സ്ത്രീകളുടെ സജീവ പങ്കാളിത്തത്തെക്കുറിച്ച് ഗൗരവമായ ചർച്ചകൾക്ക് സെമിനാറുകൾ വേദിയൊരുക്കി.

ഡോ. സാം മാത്യു, ഡോ. ഉമ്മൻ കെ. മാത്യു, ഷെറി സി. മാത്യു, ഡോ. അലക്സ് ഫിലിപ്പ്, ഷിബു വർഗീസ്, ഗ്രിഗറി, ഷാജൻ മാത്യു എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നൽകി.

ആംഗ്ലിക്കൻ സഭയ്ക്ക് ആദ്യ വനിതാ നേതൃത്വം

കാന്റർബറി ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ 1400 വർഷത്തെ ചരിത്രത്തിൽ പരമാധ്യക്ഷ പദവിയിലെത്തുന്ന ആദ്യ വനിതയായി ആർച്ച് ബിഷപ്പ് സെറാ മുല്ലലി. കാന്റർബറിയിലെ 106-ാമത് ആർച്ച് ബിഷപ്പായി നാമകരണം ചെയ്യപ്പെട്ട അവർ 2026 മാർച്ചിൽ സ്ഥാന മേൽക്കും. ലോകമെമ്പാടുമുള്ള എട്ടരകോടി ആംഗ്ലിക്കൻ വിശ്വാസികളുടെ നേതാവായി അറുപത്തി മൂന്നുകാരി മാറും. 2018 മുതൽ ലണ്ടൻ ബിഷപ്പായി സേവനമനുഷ്ഠിക്കുന്ന സെറ മുല്ലലി സഭയിൽ പുരോഗമന നിലപാട് പിന്തുടരുന്നയാളാണ്. സ്വവർഗ ദമ്പതിമാരെ ആശീർവദിക്കുന്നത് ഉൾപ്പെടെ സഭയിൽ കാലാനുസൃത മാറ്റങ്ങൾക്കായി പോരാടിയിട്ടുണ്ട്. നേരത്തേ ഇംഗ്ലണ്ടിന്റെ ചീഫ് നഴ്സിങ് ഓഫീസറായി ജോലി ചെയ്തിരുന്ന സെറ 2002ൽ പുരോഹിതയായി. 2015ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ ബിഷപ്പായി നിയമിക്കപ്പെട്ട ആദ്യ സ്ത്രീകളിൽ ഒരാളായി. ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരി സഭയായ ഹൗസ് ഓഫ് ലോർഡ്സിൽ അംഗമാണ് . പ്രതീക്ഷയും രോഗശാന്തിയും കണ്ടെത്താൻ വിശ്വാസികളെ ഒരുമിച്ചു കൊണ്ടുവരാൻ ആഗ്രഹിക്കുന്നുവെന്ന് നിയമനം സ്വീകരിച്ച സെറാ മുല്ലലി പ്രതികരിച്ചു.

ആഗോള ആംഗ്ലിക്കൻ കൂട്ടായ്മയിലുടനീളമുള്ള ഇടവകകളിൽ ദൈവത്തെയും സമൂഹങ്ങളെയും സേവിക്കുന്ന ദശലക്ഷക്കണക്കിന് മനുഷ്യരുമായി ഈ വിശ്വാസയാത്ര പങ്കിടാൻ താൻ ആഗ്രഹിക്കുന്നുവെന്നും അവർ പ്രസ്താവനയിൽ പറഞ്ഞു. സഭയുടെ ചട്ടങ്ങളിൽ 11 വർഷം മുമ്പ് അവതരിപ്പിച്ച പരിഷ്കാരങ്ങളാണ് സ്ത്രീക്ക് പരമോന്നത സ്ഥാനം വഹിക്കാൻ അവസരമൊരുക്കിയത്. ചാൾസ് രാജാവ് ഉൾപ്പെടെയുള്ളവർ ചർച്ച് ഓഫ് ഇംഗ്ലണ്ട് സഭയുടെ അംഗങ്ങളാണ്. അതേസമയം, ആഫ്രിക്കയിലെയും ഏഷ്യയിലെയും യാഥാസ്ഥിതിക ആംഗ്ലിക്കൻ സഭകളുടെ കൂട്ടായ്മയായ ഗ്ലോബൽ ആംഗ്ലിക്കൻ ഫ്യൂച്ചർ കോൺഫറൻസ് സെറാ മുല്ലലിയുടെ നിയമനത്തെ വിമർശിച്ചു രംഗത്തെത്തി. ■

മൗണ്ട് സീനായ് സെന്റ് കാതറിൻസ് ആശ്രമത്തെ സംരക്ഷിക്കും : ഈജിപ്റ്റ്

ഈജിപ്റ്റിലെ അതിപുരാതനമായ മൗണ്ട് സീനായ് സെന്റ് കാതറിൻസ് ആശ്രമത്തിന്റെ പ്രത്യേകതയും മതപരമായ പദവിയും സംരക്ഷിക്കുമെന്ന് രാജ്യത്തിന്റെ വിദേശ കാര്യ മന്ത്രാലയം വ്യക്തമാക്കി. ആശ്രമത്തെ സംബന്ധിച്ച് സമീപകാലത്തുണ്ടായ ഒരു കോടതി വിധി സൃഷ്ടിച്ച ആശയക്കുഴപ്പത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഉറപ്പ്. കോടതി ഉത്തരവ് 15 നൂറ്റാണ്ട് പഴക്കമുള്ള ആശ്രമത്തിന്റെ മതപരവും ആത്മീയവും ചരിത്രപരവുമായ സ്ഥാനത്തിന് കോട്ടം വരുത്തുകയില്ലെന്ന് വിദേശകാര്യ വക്താവ് ഉറപ്പുനൽകി.

സീനായ് മലയുടെ താഴ്വാരത്തിലുള്ള ഈ ഓർത്തഡോക്സ് സന്യാസ ആശ്രമം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ 2002 ൽ ഇടംപിടിച്ചു. ലോകത്തിലെ ഏറ്റവും പഴക്കമുള്ള, പ്രവർത്തിക്കുന്ന ആശ്രമങ്ങളിൽ ഒന്നാണിത്.

ആശ്രമത്തിനു ചുറ്റുമുള്ള മനുഷ്യവാസമില്ലാത്ത സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെ

കുറിച്ചുള്ള സമീപകാല കോടതി ഉത്തരവ് ആശങ്ക ഉളവാക്കുന്നതാണെന്ന് ജറുസലേം ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കേറ്റ് പ്രസ്താവിച്ചിരുന്നു. ആശ്രമത്തിന്റെ സംരക്ഷണം ഉറപ്പു നൽകുന്ന മുഹമ്മദ് നബിയുടെ എഡി 623ലെ കത്തും ഇതനുസരിച്ച് സുൽത്താൻ സലിം 1517ൽ നൽകിയ ഉറപ്പും പാലിക്കപ്പെടണമെന്ന് പാത്രിയർക്കേറ്റ് ആവശ്യപ്പെട്ടു. ■

അർമേനിയൻ ആർച്ച് ബിഷപ്പിന് രണ്ടു വർഷം തടവ്

ഭരണമാറ്റത്തിന് ആഹ്വാനം ചെയ്തെന്ന കേസിൽ അർമേനിയൻ അപ്പോസ്തോലിക് സഭയിലെ ആർച്ച്ബിഷപ് മിഖായേൽ അജപഹിയാന് (62) കോടതി രണ്ടു വർഷം തടവുശിക്ഷ വിധിച്ചു. പ്രധാനമന്ത്രി നിക്കോൾ പാഷിനിയാന്റെ സർക്കാരും സഭയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ തുടർച്ചയാണിത്. രാജ്യത്തു ഭരണമാറ്റം ആവശ്യമാണെന്ന് അഭിമുഖത്തിൽ പറഞ്ഞതിന്റെ പേരിൽ അട്ടിമറിയ്ക്ക് ആഹ്വാനം ചെയ്തുവെന്ന് ആരോപിച്ചാണ് തടവ്.

The Good Shepherd Orthodox Syrian Christian Family Fellowship

Regular Friday Prayer, Talk & Discussions

8:30 P.M - 9:30 P.M (IST)
Join using the fixed link:
https://meet.google.com/xaz-mtzy-hda

17 /10/ 2025 (225th വെള്ളിയാഴ്ച)
കരുതലിന്റെ സ്പർശനം
ശ്രീ. ഷാജി കെ ഡേവിഡ്,
(ചെയർമാൻ, കരുതൽകൂട്ടായ്മ, ഹരിപ്പാട്)

24/10/2025 (226th വെള്ളിയാഴ്ച)
കലഹണ്ടിയിലെ നന്മ
ഫാ. തോമസ് വർഗീസ്

31/10/2025 (227th വെള്ളിയാഴ്ച)
പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ദർശനവും, ദൗത്യവും.
Engr Jiji Panicker, Chengannur.

07/11/ 2025 (228th വെള്ളിയാഴ്ച)
വിശുദ്ധരുടെ ജീവിതവും മാതൃകകളും
ഡോ. അനു പി. ടി.
മലയാളം വിഭാഗം, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട.

14/11/ 2025 (229th വെള്ളിയാഴ്ച)
Lecture Series -I
David : A Journey of Grace - Chosen in the Field.
Dr Anitha Thomas
Former HOD, Department of Mathematics, BAM College, Thuruthicad.

21/11/ 2025 (230th വെള്ളിയാഴ്ച)
Lecture Series - II
David: A Journey of Grace - A heart after God.
Dr Anitha Thomas

28/11/ 2025 (231st വെള്ളിയാഴ്ച)
Lecture Series - III
David : A Journey of Grace - The sure mercies of David.
Dr Anitha Thomas

The Good Shepherd Prayer Room

A Space for Prayers, Meditations & Listening

Every Tuesday, 8:30 P.M - 9:10 P.M (IST)

Dedicated link:
https://meet.google.com/vfy-atsb-gkd

സഭാ ജീവിതം : ആരാധനയിൽ സ്ത്രീകളുടെ പങ്കാളിത്തം

ഫാ.ഷിബു കുര്യൻ

സഭ ക്രിസ്തുവിന്റെ ശരീരവും കൗദാശിക സാന്നിധ്യവുമാണ് സഭയിലെ ഓരോ അംഗവും സ്ത്രീ പുരുഷ ഭേദമെന്യേ ക്രിസ്തു ശരീരത്തിലെ അവയവങ്ങളുമാണ്.

ഓരോ ആരാധനയും ദൈവത്തോടുള്ള നന്ദി അർപ്പിക്കലും സ്തോത്രാർപ്പണവുമാണ്. കാലങ്ങളായി വ്യത്യസ്ത കാരണങ്ങളാൽ പുരുഷന്മാരാണ് (സഭയിലെ വൈദീകരും മേൽപ്പട്ടക്കാരും) ഇവയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്.

പുരുഷ കേന്ദ്രീകൃതമായ സഭാ ശുശ്രൂഷയിൽ സ്ത്രീകളുടെ ഭാഗഭാഗിത്വം ശ്രദ്ധിക്കാതെപോയി എന്നതാണ് വാസ്തവം. എന്നാൽ ലോകമെമ്പാടും വളർന്നുവന്ന സ്ത്രീ പക്ഷ ചിന്തകളും സ്ത്രീ വിമോചന ശാക്തീകരണവും ആരാധനയിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും സജീവമായി ചിന്തിക്കുവാനും തുറന്ന ചർച്ചകളും അനുകൂലമായ മാറ്റങ്ങളും ഉണ്ടാകുവാനും തുടങ്ങി. ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനകളിലും സ്ത്രീകളുടെ പങ്കാളിത്തത്തെപ്പറ്റിയും ഈ കാലയളവിൽ ചർച്ചചെയ്തു തുടങ്ങി എന്നുള്ളത് ശ്രദ്ധേയമാണ്.

ദൈവാരാധനകളുടെ എല്ലാ അടിസ്ഥാനങ്ങളും പുതിയ നിയമവും യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുമാണ്. യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ ജനനം മുതൽ മരണവും ഉയിർപ്പുവരെയുമുള്ള ഘട്ടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ശ്രദ്ധേയമാണ്.

- കന്യാജനനം
- കർത്താവിനെ കൈകളിലേന്തിയ പ്രവാചകി ആയ ഹന്ന -(ലൂക്കോ : 2:38)
- വസ്ത്രത്തിൽ സൗഖ്യം പ്രാപിക്കുന്ന സ്ത്രീ.
- കാലിൽ സ്വച്ഛജഡമാംസിതൈലംകൊണ്ട് അഭിഷേകം ചെയ്യുന്ന സ്ത്രീ
- ക്രൂശീകരണ സമയത്ത് ദൂരെനിന്ന് അതിനു സാക്ഷികളാകുന്ന സ്ത്രീകൾ
- ഉയിർപ്പിനുസാക്ഷിയാകുന്ന മഗ്ദലനമറിയം
- സ്വർഗ്ഗാരോഹണ നിമിഷത്തിനു സാക്ഷികളാകുന്ന സ്ത്രീകൾ.

ഇവയെല്ലാം സൂചിപ്പിക്കുന്നത് കർത്താവിന്റെ മനുഷ്യാവതാരവും മരണവും ഉയിർപ്പും എല്ലാം സ്ത്രീകൾക്കുള്ള പങ്കാളിത്തത്തെപ്പറ്റിയാണ്.

അപ്പോസ്തോലിക കാലഘട്ടത്തിലും സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമാണ്. പെന്തിക്കോസ്തി നാളിൽ കൂടിയ സമൂഹത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. "ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തോലർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെയും നിയമിക്കുകയും ..." (1 കൊരി. 12:28) എന്ന വേദഭാഗം ശ്രദ്ധേയമാണ്. തുടർന്ന് വരങ്ങളെ കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്തുവിൽ ലിംഗഭേദമെന്യേ ശുശ്രൂഷ ചുമതലകളും വരങ്ങളും നൽകപ്പെടുന്ന ശ്രേഷ്ഠ ചിന്ത ദർശിക്കുവാൻ ഇവിടെ നമുക്ക് സാധിക്കും. എന്നാൽ കാലാന്തരത്തിൽ സ്ത്രീ പങ്കാളിത്തം ആരാധനയിൽ പങ്കെടുക്കുന്നതിലേക്കു ചുരുങ്ങിപ്പോയി എന്നതാണ് വാസ്തവം.

മലങ്കര ഓർത്തഡോക്സ് സഭയിൽ കാലങ്ങളായി ആരാധനയിൽ നേതൃത്വം വഹിക്കുന്നത് വൈദീകരും മേൽപ്പട്ട ശുശ്രൂഷകരുമാണ്. കാലോചിതമായ മാറ്റം ഉണ്ടായിട്ടില്ലെങ്കിലും ഭരണതലത്തിലേക്കും ആരാധനയിലേക്കും സ്ത്രീകൾക്ക് പങ്കാളിത്തം ലഭിച്ചുതുടങ്ങി എന്നത് ശുഭോദർക്കമായ കാര്യമാണ്. സഭാ നേതൃത്വത്തിലേക്കുവരുന്നവരുടെ കാഴ്ചപ്പാടുകളും ദർശനങ്ങളും ഇതിൽ പ്രധാനമാണ്. അത് എല്ലാവരെയും ഉൾക്കൊള്ളുവാനും സ്ത്രീ ശരീരവും പുരുഷ ശരീരവും ക്രിസ്തുവിൽ ഒന്നാണെന്നും ദൈവത്തിന്റെ രൂപവും പ്രതിച്ഛായയുമാണ് ഇരുവർക്കും എന്ന ബോധ്യം നമ്മെ കുറച്ചുകൂടി വേഗത്തിൽ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സഹായിക്കും.

സഭയിൽ സ്ത്രീകൾക്ക് പഴമ വായിക്കുവാനുള്ള അവസരം. ഗായകസംഘത്തിൽ നേതൃത്വം വഹിക്കുവാനുള്ള അവസരം ഇതെല്ലാം മാറ്റത്തിന്റെ ദൃശ്യങ്ങളാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് പള്ളിയിലെ ട്രസ്റ്റി സ്ഥാനം അലങ്കരിച്ച സ്ത്രീകളും വി. കുർബ്ബാന മദ്ധ്യേയുള്ള ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നയിച്ച സ്ത്രീകളും ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. അവിടെയൊന്നും ഒരു പ്രശ്നങ്ങളും ഉണ്ടായതായി കേട്ടിട്ടില്ല. എവിടെയും ആൺ-പെൺ ബന്ധങ്ങൾ ആരോഗ്യകരമായി നിലനിൽക്കുന്നുണ്ടോ അവിടെ സമത്വവും സാഹോദര്യവും ഉറപ്പാണ്.

പലപ്പോഴും പ്രായോഗികതയുടെയും വൈദീകരുടെ ഭയത്തിന്റെയും മുൻവിധിയുടെയും കാരണം കൊണ്ടല്ലാതെ സ്ത്രീകളെ ആരാധനയിൽ നേതൃത്വം വഹിക്കുന്നതിനെ ഒഴിവാക്കേണ്ടതില്ല.

(തിരുവാണിയൂർ സ്വദേശിയും മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് ഇടവക വികാരിയുമാണ് ലേഖകൻ)

ആരാധനയിൽ സ്ത്രീ പങ്കാളിത്തച്ചുമതലകൾ വർദ്ധിപ്പിക്കണം

മഞ്ജു തോമസ്

വനിതകൾക്ക് ആരാധനയിൽ കാര്യമായ പ്രാതിനിധ്യം നൽകണം. മലങ്കര സഭയിൽ പല പള്ളികളിലും പഴയനിയമ വായനയും മറ്റും സ്ത്രീകൾ നിർവ്വഹിക്കുന്നുണ്ടെങ്കിലും അത് എല്ലാ രീതിയിലും പ്രയോജനപ്പെടുന്നില്ല. ഒട്ടുമിക്ക പള്ളികളിലും ഇപ്പോഴും വനിതകൾക്ക് ഈ അവസരം കൊടുക്കുന്നില്ല. അതിന് മേൽത്തട്ടിൽ നിന്നുള്ള നിർദ്ദേശം കർശനമായി ഉണ്ടാകണം.

കിഴക്കമ്പലം ബേതലഹേം ദയറായിൽ ഇടവായനയും ശ്ലീഹാവായനയും തുബ്ദേൻ വായനയും സിസ്റ്റർ നിർവ്വഹിക്കുന്നുണ്ട് എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. മലങ്കര സഭയിലെ മറ്റ് പള്ളികളിൽ കൂടി ഘട്ടം ഘട്ടമായി ഈ കാര്യങ്ങൾ നടക്കണം എന്നുള്ളതാണ് എന്റെ ഉറച്ച അഭിപ്രായം.

ആദിമ സഭയിൽ ശെമ്മാശിനിമാർ തൈലാഭിഷേകവും വിശുദ്ധ കുർബ്ബാനയും കൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കേ എന്തുകൊണ്ട് ഇന്നത്തെ സഭയിൽ അത് സാധ്യമാകുന്നില്ല. പൈതങ്ങളുടെ നേർച്ചയിൽ എന്തുകൊണ്ട് പെൺകുഞ്ഞുങ്ങളെ ഇരുത്തുന്നില്ല. മരണാനന്തര ചടങ്ങുകളിൽ മുഖശീല വലിച്ചിടാൻ ആൺമക്കളെപ്പോലെ തന്നെ പെൺമക്കൾക്കും തുല്യ അവകാശമില്ലേ?

സി.എസ്.ഐ സഭയിൽ വനിതാ പുരോഹിതർ ഉണ്ട്. അതുപോലെ വരും കാലങ്ങളിൽ വനിതകൾക്കും എല്ലാ ആരാധനാ ശുശ്രൂഷകളിലും ഗണ്യമായ പ്രാതിനിധ്യം കൊടുക്കണം.

ബെംഗളൂരുവിൽ അധ്യാപികയാണ് ലേഖിക

സെമിനാരി ഓണാഘോഷം : ഗുഡ് ഷെപ്പേർഡ് ഇടപെടൽ

സെമിനാരിയിലെ ഓണാഘോഷം സംബന്ധിച്ച വിവാദങ്ങളെപ്പറ്റി ഗുഡ് ഷെപ്പേർഡിന്റെ പ്രതികരണം വ്യക്തമാക്കി സഭാ നേതൃത്വത്തിന് ഓഗസ്റ്റ് 30 ന് കാതോലിക്കാ ബാവായ്ക്ക് അയച്ച കത്ത്

2025 ലെ ഓണാഘോഷത്തിന്റെ മറവിൽ, 'സാമൂഹികവും, സാംസ്കാരികവും ആയ ബന്ധം മെച്ചപ്പെടുത്തുവാൻ'എന്ന പൊള്ള ന്യായീകരണം ചൊല്ലി, അടുത്ത തലമുറയെ ദൈവീകപാതയിൽ നയിക്കുവാൻ ശുശ്രൂഷകരാകേണ്ട വൈദീക വിദ്യാർത്ഥികളുടെ മാവേലി എഴുന്നെള്ളത്തും, തുടർന്നുള്ള അഭ്യാസങ്ങളും, അർമാദപ്രകടനങ്ങളും ക്രൈസ്തവ മൂല്യങ്ങളോടുള്ള വെല്ലുവിളിയും, ഓർത്തഡോക്സിക്കെതിരെയുള്ള അവഹേളനവും, അക്ഷന്തവ്യമായ തെറ്റുമെന്നതാണ് ശ്രേഷ്ഠരായ വൈദീകരുൾപ്പെടെയുള്ള വലിയ കൂട്ടം ദൈവവിശ്വാസികളുടെ പ്രതികരണങ്ങൾ വിളിച്ചു പറയുന്നത്. എന്നാൽ, അതിനെയൊക്കെ നിസ്സാരവൽക്കരിക്കുന്ന നേതൃത്വസ്ഥാനികളുടെ കുറിപ്പും, വാക്കും, "ദൈവഭക്തി ആദായ സൂത്രം" എന്ന് കാണുന്നവരുടെ നിലപാടായി മാത്രമേ ഞങ്ങൾക്ക് അനുഭവബോധ്യമാകുന്നുള്ളൂ. 'സ്തുതി ചൊവ്വാകപ്പെട്ട സത്യവിശ്വാസം ശോഭ കെടാതെ കാത്തുസൂക്ഷിക്കുവാൻ' പ്രഥമ ഉത്തരവാദിത്വമുള്ള, വിശ്വാസികളുടെ ചെലവിൽ വൈദീക വിദ്യാഭ്യാസം (അഭ്യാസം) പരിശീലിപ്പിക്കുന്നവരുടെയും, പരിശീലിക്കുന്നവരുടെയും, ദൈവവിളി മറന്നുള്ള ഉത്തരവാദിത്വരാഹിത്യം സഭയിന്നെവിടെ നിൽക്കുന്നുവെന്നതിന്റെ നേർചിത്രം, ആത്മീയത കുറച്ചെങ്കിലും അവശേഷിക്കുന്നവരിൽ സന്താപം ഉണ്ടാക്കുന്നു.

ഇത്രയും വിപുലമായതും, ക്രിസ്തീയ മൂല്യങ്ങൾക്കൊത്തതുമല്ലാത്ത ഒരു ആഘോഷം ഓണത്തിന്റെ പേരിൽ നടത്തിയത്, സെമിനാരി പ്രസിഡന്റ് ഉൾപ്പെടെയുള്ള സംവിധാനം അറിഞ്ഞു തന്നെ ആകണമല്ലോ? അല്ലെങ്കിൽ ഈ വിദ്യാർത്ഥികൾക്ക് എങ്ങനെ ധൈര്യം വന്നു?

ചിലരുടെ മനസ്താപവും, ക്ഷമാപണവും കേട്ടാൽ, വായിച്ചാൽ, ഈ പേക്കൂത്തുകൾ ജനങ്ങളെ അറിയിച്ച പുതിയ സാങ്കേതിക വിദ്യയും, സോഷ്യൽ മീഡിയയും ആണ് കുറ്റക്കാർ, പാവം (വിശുദ്ധ) സെമിനാരി പ്രവർത്തകർ നിഷ്കളങ്കർ, അവർ കാലത്തിനൊത്ത് വളരുന്നതിന്റെ ലക്ഷണവും. ഇതൊക്കെ 'ഉത്തമ സഭാവിശ്വാസി' കൾ മനസ്സിലാക്കാതെ പോകുന്നതിലാണ് അവർക്ക് ഖേദം.

മദ്യനിർമ്മാണമുൾപ്പെടെ മുൻപ് അവിടെ നടന്ന ദുർവൃത്തികളെ ഗൗരവത്തോടെ കാണാതെ നീതികരിക്കുന്നവരെ, ഇതിനൊക്കെ കൂട്ടാളികളായി മാത്രമേ കണക്കാക്കുവാൻ കഴിയൂ. ക്രൈസ്തവസംസ്കാരത്തിന് എതിരായി പ്രവർത്തിച്ച, സഭക്ക് 'ശോഭകേട്' വരുത്തിയ ഓർത്തഡോക്സ് വൈദീക സെമിനാരിയുടെ ചുമതലപ്പെട്ടവരും, വിദ്യാർത്ഥികളും ഈ തോന്ന്യാസങ്ങൾക്ക് മറുപടി പറയുവാൻ ബാധ്യസ്ഥരാണ്. മാതൃകാപരമായ നടപടികൾ സത്വരം എടുക്കണമെന്ന് സഭയുടെ ചുമതലക്കാരോട്, സമിതികളോട് ആവശ്യപ്പെടുന്നു. ■

സെമിനാരിയിലെ ഓണാഘോഷം സംബന്ധിച്ച പ്രതികരണത്തെ തുടർന്ന് സഭയെടുത്ത നടപടിയെ വിലയിരുത്തി ഗുഡ് ഷെപ്പേർഡ് സെപ്റ്റംബർ എട്ടിന് കാതോലിക്കാ ബാവായ്ക്ക് അയച്ച കത്ത്

ഓഗസ്റ്റ് 30 തീയതിയായി ഞങ്ങളയച്ച കത്ത് കാതോലിക്കേറ്റ് ഓഫീസിലെ ബന്ധപ്പെട്ടവർ അങ്ങയുടെ ശ്രദ്ധയിൽ, കൊണ്ടു വന്നിട്ടുണ്ടെന്ന് അന്വേഷണത്തിൽ മനസ്സിലാക്കുന്നു. എന്നാൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗങ്ങൾ ചേർന്ന , 'ദി ഗുഡ് ഷേപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്', കാര്യമാത്രപ്രസക്തസഭാ കാര്യങ്ങളിൽ ഇടപ്പെടുമ്പോഴും, സഭയുടെ ശോഭ കെടുത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ സ്വാഭാവികവും, സത്യസന്ധവുമായ പ്രതികരണങ്ങളും കത്തുകളും നൽകുമ്പോഴും, ശത്രുതാ മനോഭാവം പുലർത്തുന്നതും, സഭാ നേതൃത്വം മറുപടി നൽകാത്തതും ഖേദകരമാണ്.

സെമിനാരി സംഭവങ്ങൾ, പുതിയ കാര്യമല്ലെന്നും, സോഷ്യൽ മീഡിയയും, ആധുനിക സാങ്കേതികവിദ്യയുമാണിത് പുറത്തെത്തിച്ചു വഷളാക്കിയെന്നും ന്യായീകരിച്ച്, ഗൗരവമില്ലാതാക്കുവാനുള്ള തല്പരകക്ഷികളുടെ ശ്രമവും, മുൻ കാലങ്ങളിലേക്കാൾ 'കുറച്ചുകൂടിമെച്ചപ്പെട്ട നിലയിൽ ',സമൂഹത്തോടും, പ്രാദേശിക സംസ്ക്കാരത്തോടും സമന്വയിക്കുവാനുള്ള ഒരു എളിയശ്രമമാണ് അന്നു നടന്നതെന്ന വ്യാഖ്യാനവും മുഖവിലക്കെടുക്കാതെ, സെമിനാരിക്കാർക്ക് ആത്മീയശോധനയിലൂടെ പ്രായശ്ചിത്തവും, ക്ഷമാപണവും, നടത്തുവാൻ 2025 സെപ്റ്റംബർ നാലിലെ കല്പന അനുസരിച്ച്, സെപ്റ്റംബർ 10-12 വരെ ഉപവാസവും, ധ്യാനവും, 13 ന് കുമ്പസാരവും, കുർബാന നയും ക്രമീകരിച്ചിരിക്കുന്നതിൽ, സെമിനാരിയിലെ ഈവിധ ഓർത്തഡോക്സ് ആദ്ധ്യാത്മിക ജീവിത രീതിക്ക് അനുയോജ്യമല്ലാത്തവയെ ഗൗരവമായി, ഇനിയെങ്കിലും കാണുമെന്നും, ഉചിതനടപടികളിലേക്ക് നയിക്കുമെന്ന തോന്നൽ, സഭയുടെ കൊമ്പ് ഉയർന്നു നിൽക്കണമെന്ന് ആഗ്രഹിക്കുന്ന അത്മായരിലും, വൈദീകരിലും സന്തോഷ മുളവാക്കുന്നു. പരിശുദ്ധ കാതോലിക്കാബാവയെ, ഈ കാര്യത്തിൽ അഭിനന്ദിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നു.

മറ്റ് പല സംഭവങ്ങളിലും, അന്വേഷണങ്ങളും, അതിന്റെ റിപ്പോർട്ടുകളും, നിർദ്ദേശങ്ങളും അട്ടിമറിക്കപ്പെട്ടതുപോലെ, ഇനിയും നടക്കുവാൻ പോകുന്ന പരിഹാരമാർഗ്ഗങ്ങളും, കണ്ണിൽപൊടിയിടൽ തന്ത്രമാകാതെ ഇരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

സെമിനാരിയിലെ ആത്മീയ നിലവാര ഉയർച്ചയെക്കുറിച്ചുള്ള നിരീക്ഷണത്തിന് ഫലവത്തായ ഒരു സംവിധാനവും, സ്വതന്ത്രമായ പ്രവർത്തന-അച്ചടക്ക ഓഡിറ്റിങ് സംവിധാനവും ഏർപ്പെടുത്തുകയും, അതിന്റെ റിപ്പോർട്ട് എല്ലാ ആറു മാസവും ബന്ധപ്പെട്ട എല്ലാവർക്കും, ലഭ്യമാക്കുകയും, സഭയുടെ ഓഫീസിലും, ഭദ്രാസന കേന്ദ്രങ്ങളിലും, സഭയുടെ സെമിനാരികളിലും പ്രസിദ്ധീകരിക്കുകയും, സെമിനാരി അഡ്മിഷന്, ഇടവകയുടെ അംഗീകാരവും വേണമെന്നത് വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കുകയും, ഒന്നോ രണ്ടോവർഷം, മിഷൻ/ജീവകാരുണ്യ/സാമൂഹിക വേലയിൽ പ്രവർത്തി പരിചയം നേടിയശേഷം, സൽസ്വഭാവസർട്ടിഫിക്കറ്റ് നേടി, പൗരോഹിത്യത്തിന്റെ ആത്മീയ നിലവാരം മെച്ചപ്പെടുത്തുവാൻ, ഇടയാകുമെന്ന ബോധ്യമുള്ളവരെ മാത്രമേ സെമിനാരികളിൽ അഡ്മിഷൻ നൽകാവൂയെന്നും ഞങ്ങൾ ആദരവോടെ അഭ്യർത്ഥിക്കുന്നു. ■

സഭാ ജീവിതം: ഭരണ നിർവഹണത്തിൽ സ്ത്രീകളുടെ പങ്ക്

മിനി ജോസഫ്

ക്രിസ്തു സാക്ഷ്യം നിർവഹിക്കാനുള്ള നിയുക്ത സമൂഹമാണ് സഭ. ലോക അതിർത്തികളോളം ലോക അന്ത്യംവരെ തന്റെ സാക്ഷികളാകണം എന്നതായിരുന്നു തന്റെ ശിഷ്യന്മാരെ ക്രിസ്തു ഏൽപ്പിച്ച നിയോഗം. ഇന്നും ആ സാക്ഷ്യ നിർവഹണത്തിന് വേണ്ടി മാത്രമാണ് സഭ നിലനിൽക്കേണ്ടത്. സഭാഗാത്രം, സഭ എന്ന പ്രസ്ഥാനമായി മാറിയപ്പോൾ സഭാശുശ്രൂഷ എന്നുള്ളത് സഭാ ഭരണം ആയി മാറി എന്നതാണ് വസ്തുത.

സൃഷ്ടിയിൽ ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു- ആണും പെണ്ണുമായി സൃഷ്ടിച്ചു. തന്റെ എല്ലാ സൃഷ്ടികളുടെയും കാര്യം കർതൃത്വം നടത്തുവാൻ ഭരമേൽപ്പിക്കുകയും ചെയ്തു. ഇവിടെ stewardship ആണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രപഞ്ചത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീ പുരുഷന്മാർ പരസ്പരം ആലോചിച്ചും സഹകരിച്ചും തുല്യ പങ്കാളിത്തത്തോടെ കാര്യനിർവഹണം, അവയുടെ പരിപാലനം നടത്തണം എന്നുള്ളതാണ് ഇവിടെ അർത്ഥമാക്കുന്നത്. ഇതിൽ നിന്ന് വ്യത്യസ്തമായി ഒരു വിഭാഗത്തെ മാത്രം മാറ്റി നിർത്തികൊണ്ടുള്ള ഒരു സംവിധാനം പ്രാഥമിക ദൈവകൽപ്പനയുടെ ലംഘനമാണ്. അതുകൊണ്ട് തന്നെ ഇവിടെ സ്ത്രീകളെ മാറ്റിനിർത്തുന്നതിന് സാധൂകരണവും ഇല്ല.

നമ്മൾ ഒരു ജനാധിപത്യ സംവിധാനത്തിലാണ് ജീവിക്കുന്നത്. അവിടെ ലിംഗ വിവേചനം പാടില്ല. തുല്യതയും പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്. കുടുംബത്തിലും സഭയിലും സമൂഹത്തിലും എല്ലാം ഇതുതന്നെയാണ് മനസ്സിലാക്കേണ്ടത്. എവിടെയായാലും സ്ത്രീകളുടെ ഭരണശേഷി ഒട്ടും കുറച്ചു കാണേണ്ട ഒരു കാര്യമല്ല. ആഗോളതലത്തിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച അനേകം രാഷ്ട്ര തലവരായ സ്ത്രീകളെ നമുക്കറിയാം. അതു പോലെ തന്നെ IAS, IPS, Army, Navy, Airforce തുടങ്ങി പുരുഷന്മാർ മാത്രം കൈകാര്യം ചെയ്തിരുന്ന പല മേഖലകളും എന്തിനേറെ ബഹിരാകാശത്ത് പോലും ഇന്ന് സ്ത്രീകൾ അവരുടെ സാന്നിധ്യം ഉറപ്പാക്കി കഴിഞ്ഞു. അങ്ങനെയുള്ള ഒരു സമൂഹത്തിന് മുന്നേ നടക്കേണ്ട ഒരു പ്രസ്ഥാനമാണ് സഭ. ജനാധിപത്യ സംവിധാനങ്ങളിൽ തുല്യതയും പങ്കാളിത്തവും ഉറപ്പു വരുത്തേണ്ടതിൽ സഭക്ക് നിർണായകമായ ഉത്തരവാദി ത്തമാണ് ഉള്ളത്. അതു കൊണ്ടു തന്നെ സഭാ സംവിധാനങ്ങളിൽ സ്ത്രീ പുരുഷ സമത്വം ഉറപ്പുവരുത്തേണ്ട ഉത്തര വാദിത്വം സഭാ നേതൃത്വത്തിനുണ്ട്. സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളായി പ്രവർത്തിച്ചിരുന്ന ഒരു സംവിധാനത്തിൽ നിന്നും പുരുഷമേൽക്കോയ്മയുള്ള ഒരു സംവിധാനത്തിലേക്ക് സഭ മാറിയിരിക്കുന്നു.

ഇപ്പോഴുള്ള സ്ത്രീ പ്രാതിനിധ്യം നിലവിലുള്ള സഭാ ഭരണഘടന അനുസരിച്ച് ഇടവക തലങ്ങളിലെ പള്ളി പൊതുയോഗങ്ങളിൽ അംഗത്വം, വോട്ടവകാശം, ഭരണ സമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടുവാനുള്ള അവകാശം എന്നിവ മാത്രമാണ്. (എന്നാൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ 1993ൽ രണ്ടു സ്ത്രീകൾ ഭദ്രാസന കൗൺസിലിൽ അംഗങ്ങൾ ആയിരുന്നു. അതുപോലെതന്നെ മൂവാറ്റുപുഴ അരമന പള്ളിയിൽ 10 കൊല്ലത്തോളം ഒരു സ്ത്രീയായിരുന്നു പള്ളി ട്രസ്റ്റി.) താഴെത്തട്ടിൽ നിന്ന് തന്നെയാണ് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത്. ശരിക്കും പ്രവർത്തിക്കാൻ കിട്ടുന്ന, അതായത് ജനങ്ങളോട് ഏറ്റവും കൂടുതൽ അടുത്ത് ഇടപെടാൻ കിട്ടുന്ന ഒരു വേദി സ്വന്തം ഇടവക തന്നെയാണ്. ഇടവക ജനത്തിന്റെ പരിപാലനത്തിനു വേണ്ടി ഭരണസമിതിക്ക് എന്തെല്ലാം ചെയ്യാൻ പറ്റും എന്നൊരു അന്വേഷണം നടത്തുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യാം.

ഇടവക ഭരണം കേവലം പള്ളിയും പരിസരങ്ങളും മോടിപിടിപ്പിക്കലും പെരുന്നാളുകളും ആഘോഷങ്ങളും നടത്തുകയും മാത്ര മാണെന്നുള്ള ചിന്തയിൽനിന്ന് മാറ്റം വരണമെങ്കിൽ സ്ത്രീകൾ ഭരണത്തിൽ വരികതന്നെ വേണം. പ്രാർത്ഥനാ നിർഭരമായ ജീവിതം, മറ്റുള്ളവരോടുള്ള സഹാനുഭൂതി, കാരുണ്യം, ആശയവിനിമയശേഷി, തീരുമാനങ്ങൾ എടുക്കാനും പല കാര്യങ്ങൾ ഒരേ സമയം നടത്തുവാനും ഉള്ള കഴിവ് ഇതെല്ലാം കൂടുതലായും സ്ത്രീകളിൽ മാത്രം കണ്ടുവരുന്ന സ്വഭാവ വിശേഷങ്ങളാണ്. അതു കൊണ്ടുതന്നെ ഇടവക ഭരണത്തിൽ സ്ത്രീകളുടെ കൂടുതലായുള്ള പ്രാതിനിധ്യം ഇടവകയെ ദൈവബോധമുള്ള ക്രിസ്തു സാക്ഷ്യമുള്ള ഒരു സമൂഹമാക്കി മാറ്റുവാൻ സാധിക്കും എന്നുള്ളതിൽ തർക്കമില്ല.

സ്ത്രീകൾ മുന്നോട്ടുവരുന്നതിനുള്ള തടസ്സങ്ങൾ

1. തങ്ങളുടെ *കംഫർട്ട് സോണിൽ* നിന്നും പുറത്തു വരുവാനുള്ള സ്ത്രീകളുടെ മടി.

2. സഭയിൽ അല്ലെങ്കിൽ സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുമ്പോൾ നേരിടേണ്ടി വരുന്ന വിമർശനങ്ങളെ നേരിടുവാനുള്ള ഭയം. (പ്രവർത്തിക്കുന്നവരുടെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കി) ഇതിന് അവർക്ക് വേണ്ട ധൈര്യം നൽകേണ്ടത് സഭയും വീട്ടുകാരുമാണ്.

3.വീട്ടുകാരിൽ നിന്നും പിന്തുണ കിട്ടാതിരിക്കുക.

4. സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കൂടുതലൽ വീട്ടിലെ കാര്യങ്ങളിൽ ഉത്തരവാദിത്വമുണ്ട്. അവർക്ക് പുരുഷന്മാരേപോലെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി പ്രവർത്തിക്കാൻ സാധിക്കുകയില്ല. വീട്ടിലുള്ള എല്ലാവരുടെയും പരിപാലനം നടത്തിയതിനുശേഷം മാത്രമേ അവർക്ക് അങ്ങനെയുള്ള കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കൂ.

5. ഒട്ടുമിക്ക പുരോഹിതരും കഴിവുള്ള സ്ത്രീകളെ ഭരണരംഗത്തേക്ക് കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുന്നില്ലായെന്ന് മനസിലാക്കുന്നു.

6. പലപ്പോഴും സഭയിലെ പഠിപ്പിക്കലുകൾ സ്ത്രീകൾ വിനയപ്പെട്ട് തലമൂടി വിധേയപ്പെട്ടിരിക്കുക എന്നുള്ള രീതിയിലാണ് നടക്കുന്നത്. വിശുദ്ധ ദൈവമാതാവ് "ഞാൻ കർത്താവിന്റെ ദാസി" എന്ന് പറഞ്ഞതും "ഹൃദയത്തിൽ സംഗ്രഹിച്ചു" എന്ന് പറയുന്നതും വിനയഭാവമാണ് അല്ലാതെ അടിമത്തഭാവമല്ല എന്നത് പുരോഹിതർ ഉൾപ്പെടെ മനപൂർവ്വം വിസ്മരിക്കുന്നു. എന്നാൽ ചെറുപ്രായത്തിലുള്ള മൂന്നു മാസം ഗർഭിണിയായ മറിയ എന്ന പെൺകുട്ടി, സ്ത്രീകൾ പുറത്തുപോലും ഇറങ്ങാൻ അനുവാദമില്ലാതെയിരുന്ന കാലത്ത് ഇരുന്നൂറ് കിലോമീറ്ററോളം യാത്ര ചെയ്ത് (ഏകദേശം ഒരാഴ്ചയോളം സഞ്ചരിച്ച്) ചാർച്ചക്കാരിയായ എലിസബത്തിനെ ഗർഭസ്ഥാവസ്ഥയിൽ കാണുവാനും പരിചരിക്കുവാൻ പോയതും പിന്നീട് കാലാന്തരത്തിൽ തന്റെ നിയോഗം തിരിച്ചറിഞ്ഞ് മറ്റുസ്ത്രീകളോടൊപ്പം പുരുഷന്മാർ എല്ലാം പിരിഞ്ഞുപോയിട്ടും കുരിശുവരെ കർത്താവിനെ അനുഗമിച്ചതും ആരുടേയും ധ്യാനവിഷയമാകാറില്ല. ഇടപെടേണ്ട കാര്യങ്ങളിൽ എല്ലാം കൃത്യമായി ഇടപെട്ടതും ക്രിസ്തുവിന്റെ യാത്രകളിൽ എല്ലാം ഒരു കൂട്ടം സ്ത്രീകൾ അനുഗമിച്ചതും സ്ത്രീത്വത്തിന്റെ മഹത്തായ ഭാവമായി പഠിപ്പിക്കപ്പെടുന്നില്ല. കർത്താവിന്റെ കാലത്തും അപ്പോസ്തോലന്മാരുടെ കാലത്തും അതിനു ശേഷവും ഉണ്ടായിരുന്ന ശക്തമായ സ്ത്രീ സാന്നിധ്യങ്ങളെ ഒരിക്കലും കാര്യമായി ഗൗനിക്കുന്നില്ല.

7. കേരളത്തിലെ സഭയിലെ സ്ത്രീകൾ ഭൂരിഭാഗവും സാധാരണക്കാരിൽ സാധാരണക്കാരാണ് എന്നുള്ളതാണ് ഒരു സത്യം. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്നവർ. സ്വന്തമായി ജോലി ഉള്ളവർ പോലും സാമ്പത്തിക സ്വാതന്ത്ര്യം അനുഭവിക്കാത്തവർ.

തുടർച്ച 7-ാം പേജ്

സഭാ ജീവിതം : ആത്മീയ സംഘടനകളിൽ വനിതാ പങ്കാളിത്തം

ബസ്‌ലി ഈപ്പൻ

വിശുദ്ധ വേദപുസ്തകത്തിൽ, റോമാ ലേഖനം 16:1-16 വരെ, തന്നോടൊപ്പം ക്രിസ്തു സഭാ ശുശ്രൂഷയിൽ പ്രവർത്തിച്ച വനിതകളുൾപ്പെടെയുള്ളവരെ വിശുദ്ധ പൗലോസ് ശ്ലീഹാ ഓർത്ത് നന്ദി പറയുന്നത് കാണാം. സ്ത്രീകളും, ആദിമസഭയുടെ വളർച്ചയിൽ അർത്ഥവത്തായ പങ്കാളിത്തം വഹിച്ചതായി കാണാം. ഉദാഹരണമായി ഫേബ എന്ന സ്ത്രീ. ഫേബയെ ശെമ്മാശിനി (Deaconess) എന്നാണ് അവിടെ വിളിക്കുന്നത്. പ്രേക്ഷിത പ്രവർത്തനങ്ങളിൽ, പരിശുദ്ധ പൗലോസ് ശ്ലീഹായോടൊപ്പം മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച പ്രഥമ വനിത എന്നാണ് വിശേഷിക്കപ്പെട്ടിരിക്കുന്നത്. മൂന്നു പേരുകളാണ് ഫേബയെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. സഹോദരി, ശുശ്രൂഷക്കാരി, സഹായി - എന്നിവയാണവ. ഫേബയുടെ പ്രവർത്തന ങ്ങളുടെ (Ministry) പ്രാധാന്യം കാണിക്കുന്ന പേരുകളാണവ.

സ്ത്രീകളോടൊപ്പം തുല്യ പദവി നൽകി സഹോദരൻ (brother) എന്നാണ് പുരുഷ പ്രേഷിത പ്രവർത്തകരെ അന്നും ഇന്നും വിളിക്കുന്നത്. അതിനോടു തുല്യമായ പദമാണ് ഫേബയെ വിളിക്കുന്ന സഹോദരി എന്ന പദം. ശുശ്രൂഷക ഇന്നത്തെ ശെമ്മാശൻ എന്ന പദത്തിനു തുല്യം.

ഡിയാക്കണോസ് എന്ന പദമാണ് പണ്ട് ഉപയോഗിച്ചിരുന്നത്. അതിനുതുല്യമായ പദമാണ് ശെമ്മാശിനി. അന്നത്തെ ത്രിവിധ സ്ഥാനമായ കശ്ശീശ്ശാ, എപ്പിസ്കോപ്പ, ഡിയാക്കണോസ് (ശുശ്രൂഷക). ഇന്ന് ശുശ്രൂഷക എന്നതില്ലെങ്കിലും ആദിമസഭയിൽ സഭയുടെ ചുമതലക്കാരി എന്ന നിലയിലും സഭയിൽ നേതൃത്വം നൽകുവാൻ പ്രാപ്തമായ സ്ത്രീ എന്ന നിലയിലുമാണ് ആ സ്ഥാനം നൽകിയത്.

സഹായി എന്ന പദം / വിശേഷണം സംരക്ഷിക്കുക, നയിക്കുക എന്ന അർത്ഥത്തിലാണ് സ്ത്രീകൾക്ക് നൽകിയിരിക്കുന്നത്. Prostatis എന്നതാണ് ഗ്രീക്കു വാക്ക്. Patroness എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. അതായത് സഭകളുള്ള പട്ടണങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ആൾ എന്ന മഹത്തായ സ്ഥാനമാണ് ഫേബയ്ക്കു കൊടുത്തിരിക്കുന്നത്. കൊരിന്തിയിൽ വെച്ച് ആണ് പൗലോസ് ശ്ലീഹാ റോമർക്കുള്ള ലേഖനം എഴുതുന്നത്. റോമാ ലേഖനം, ഫേബ വഴിയാണ് പൗലോസ് ശ്ലീഹാ റോമിൽ എത്തിച്ചു കൊടുത്തത്. ആ ലേഖനത്തിന്റെ ആദ്യ വ്യാഖ്യാതാവും ഫേബ തന്നെ. റോമാലേഖനത്തിൽ പറയുന്ന പ്രിസ്ക, അകിലാവ് എന്ന ദമ്പതികളെയും കൂട്ടുവേലക്കാർ, ഒപ്പം പ്രവർത്തിച്ചവർ, എന്റെ പ്രാണനു വേണ്ടി തങ്ങളുടെ കഴുത്ത് വെച്ചുകൊടുത്തവർ എന്നിങ്ങനെയാണ് വിശേഷിപ്പിക്കുന്നത്. സ്ത്രീകളായി, കുടുംബിനികളായി ദൈവ ശുശ്രൂഷയിൽ എങ്ങനെയായിരിക്കാമെന്നതിന്റെ തെളിവാണ് ഈ ഭാര്യയും ഭർത്താവും. ഉല്പത്തി 1:27 ൽ ദൈവം സ്വന്തസ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി സൃഷ്ടിച്ചു. അവൻ അവരെ അനുഗ്രഹിച്ചു എന്നിങ്ങനെ നാം വായിക്കുന്നു. രണ്ടുമൂന്നു കാര്യങ്ങൾ ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ദൈവസ്വരൂപം എന്നു പറയുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യനിലാണ്. അവരുടെ പരസ്പര ബന്ധത്തിലാണ് ദൈവിക സ്വരൂപം ദൃഷ്ടമായത്. പുരുഷനിൽ മാത്രമായല്ല സ്ത്രീയൊടൊപ്പം പുരുഷനിലാണത്. സ്ത്രീ പുരുഷന്മാരുടെ പാരസ്പര്യം ദൈവസ്വരൂപത്തിന്റെ നിദർശനമാണ്.

ആരാധനയിൽ, ആശ്രമജീവിതത്തിൽ, ജീവകാരുണ്യ പ്രവർത്തനത്തിൽ, സഭയുടെ വിവിധ പ്രസ്ഥാനങ്ങളായ MMVS, Sunday school, MGOCSM, OCYM എന്നിവയിലൂടെയാണ്സഭയിലെ സ്ത്രീകൾ അവരുടെ കടമകൾ നിർവഹിച്ചു പോരുന്നത്. മൂന്നു ശ്രേണിയിലുള്ള ശുശ്രൂഷാക്രമം ആദിമുതലേ ഉണ്ട്. പ്രാർത്ഥിക്കുക, പഠിപ്പിക്കുക, പാവപ്പെട്ടവരെ സേവിക്കുക. സഭയുടെ ഈ മേഖലകളിലെല്ലാം സ്ത്രീകൾക്കും വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്. അതിന് യോഗ്യരായവരെ കണ്ടെത്തി ചുമതല ഏൽപ്പിക്കേണ്ടതുമാണ്.

(കൗൺസിലിംഗ് വിദഗ്ദ്ധയും ചെങ്ങന്നൂർ ആറാട്ടുപുഴ സ്വദേശിനിയുമാണ് ലേഖിക)

നുറുങ്ങും കാര്യവും

കോവിഡിന്റെ തിക്താനുഭവം സഭാ തൊഴിൽ മേഖലയിലും പിന്തുടരാതിരിക്കുവാൻ, വേദശാസ്ത്രജ്ഞരിലെ വിദഗ്ധർ കൂടിയിരുന്ന് കോവിഡാനന്തര വേദശാസ്ത്രം വികസിപ്പിച്ചു. സർവ്വരോഗശാന്തിക്കുള്ള ദിവ്യഔഷധം എന്ന് പഠിപ്പിച്ചും, വിശ്വസിപ്പിച്ചും കൊണ്ടിരുന്ന കുർബാന വായിലോ, കൈയിലോ തരുവാൻ അന്ന് ഭയപ്പെട്ടിരുന്നവർ, ന്യൂജെൻ വിശ്വാസികളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം തേടി ഒരു വഴിയായി. എന്നാൽ, അടുത്തതലമുറ അന്യം നിന്നാൽ പണിയില്ലാതെ പോകുമല്ലോ? അവർ പോകുന്ന വഴിയെ അടിച്ചാൽ കൂടെ പോരുമല്ലോ എന്ന പുതിയ കോവിഡാനന്തര വേദശാസ്ത്രം പ്രായോഗികതലത്തിൽ വൈദീക സെമിനാരിയിൽ ആശീർവദിക്കപ്പെട്ടു. അങ്ങനെ, ഓണാഘോഷത്തിന്റെ പേരിൽ, ഒരു നായയെ ഉടുപ്പൊക്കെ ധരിപ്പിച്ച് വേഷം കെട്ടിച്ചും, കുടവയറൻ വൈദിക കുഞ്ഞിനെ മാവേലികെട്ടിച്ചും, സെമിനാരി ചാപ്പലും, പുണ്യപിതാക്കന്മാരായിരുന്ന പൂർവ്വപിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കബറിടങ്ങളും വകവെക്കാതെ, ഒട്ടും അച്ചടക്കമില്ലാത്ത കോളേജിലെ കുട്ടികളെപ്പോലെ സെമിനാരി കുട്ടികൾ ആടിതിമിർത്തു.

സംഭവം പുറം ലോകത്തേക്ക് വന്നപ്പോൾ, തൊടുന്യായം കണ്ടെത്തി രക്ഷപ്പെടുവാനുള്ള പദ്ധതികൾ പൊളിഞ്ഞു. ഇനിയും, അവിടെ നടക്കുന്നതെന്തും, പെസഹായിൽ പാടുന്നപോലെ ‘രഹസ്യം രഹസ്യം’ ആയിരിക്കണമെന്ന ധാരണയിൽ നീക്കുപോക്കുകൾക്ക് വഴിതേടി. ശക്തമായ പ്രതിഷേധങ്ങൾ വിശ്വാസ സമൂഹത്തിൽ നിന്നുമുണ്ടായതിനാൽ, സെമിനാരി പിരിവ് കുറയാതെയിരിക്കുവാൻ തന്ത്രരൂപേണ മിനുക്കുപണികളും കണ്ടെത്തി. കുട്ടികൾക്കും അദ്ധ്യാപകർക്കും, പ്രവർത്തകർക്കും, മേൽസ്ഥാനികൾക്കും, കീഴ്സ്ഥാനികൾക്കും ഉപവാസവും കുമ്പസാരവും. അങ്ങനെ ആ രീതിയിൽ ഓണാഘോഷകോലാഹലം ഒതുക്കി. അങ്ങനെ കോട്ടയം ഓർത്തഡോക്സ് സെമിനാരി വക ഈ വർഷത്തെ ഓണം കലാശിച്ചു.

തുടർച്ച 6-ാം പേജ്

കിട്ടുന്ന ശമ്പളത്തിൽ നിന്ന് ഒരു രൂപ പോലും സ്വന്തമായി ചെലവാക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടവർ. സ്വന്തം കുടുംബത്തിൽ പോലും അഭിപ്രായം പറയാൻ സ്വാതന്ത്ര്യമില്ലാത്തവർ.

പരിഹാരങ്ങൾ

ആദ്യമായി നാം ചർച്ച ചെയ്യേണ്ടതും പരിഹാരം കാണേണ്ടതും സ്ത്രീകളിലെ ഉണ്മയും വ്യക്തിത്വവും ആദരിക്കപ്പെടേണ്ടതിനും അവരെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുവാനുമുള്ള കാര്യങ്ങളാണ്.പിന്നീട് സ്ത്രീകളെ അവരുടെ നിയോഗങ്ങളും സ്വത്വവും തിരിച്ചറിയുവാൻ സഹായിക്കുക. അത് തനിക്ക് വേണ്ടി മാത്രമല്ല സഭയുടെ, സമൂഹത്തിന്റെ മൊത്തമായ ഉന്നമനത്തിനു വേണ്ടി സ്ത്രീ സാന്നിധ്യം എത്രമാത്രം ആവശ്യമാണെന്നുള്ളത് സമൂഹം മനസ്സിലാക്കി സ്ത്രീ സമൂഹത്തെ മാനിക്കുക. അതിൽ പുരുഷന്മാരുടെ പങ്ക് വളരെ വലുതാണ്. കുടുംബാംഗങ്ങളും ഇടവക യിലെ പുരുഷന്മാരും, പുരോഹിതരും സ്ത്രീകളെ മുന്നോട്ടു കൊണ്ടുവരുന്നതിൽ പ്രത്യേകം താല്പര്യം എടുക്കേണ്ടതാണ്. ചെറുപ്പക്കാരെ കൂടുതലായിട്ട് സഭാ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക. അതിനാൽ നമ്മുടെ നിയോഗ നിർവഹണം തുടങ്ങേണ്ടത് ഇടവക തലത്തിൽ തന്നെയാണ് . മാനേജിംഗ് കമ്മിറ്റിയിലോ മലങ്കര അസോസിയേഷനിലോ സഭയുടെ മറ്റ് സമിതികളിലോ അംഗത്വം ലഭിക്കുക എന്നുള്ളതിലുപരി, താൻ ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തു സാക്ഷ്യം നിർവഹിക്കുവാൻ സഭാമക്കൾ ഒന്നിച്ച് മുന്നിട്ടിറങ്ങുക എന്നുള്ളതാണ് ആവശ്യം.

(കണ്ടനാട് ഈസ്റ്റ് മർത്ത് മറിയം വനിതാ സമാജം ഭദ്രാസന സെക്രട്ടറിയും ഭദ്രാസന കൗൺസിലംഗവുമാണ് ലേഖിക)

പുസ്തക വിചാരം

നഷ്ടങ്ങളുടെ തീരത്ത് ഇറങ്ങിവന്ന ക്രിസ്തു സാന്നിദ്ധ്യം

ലിജോ കരിപ്പുഴ



സി എസ് എസ് ബുക്സ്, തിരുവല്ല
വില 210 രൂപ

ഓരോ വായനയിലും വായനക്കാരിലൂടെ ബൈബിളിന്റെ ആഖ്യാനം പുനർജനിക്കുന്നുണ്ട്. ഇതുവഴി വായനക്കാരന് പുതുജീവിതത്തിന്റെ നവീനമുഖം അന്വേഷിക്കാൻ സാധിക്കുന്നു. അതോടൊപ്പം ദൈവ-മനുഷ്യബന്ധത്തിന്റെ പുതിയ വാതായനങ്ങളും തുറക്കുന്നുണ്ട്. വായനക്കാരൻ ഉപഭോക്താവല്ല, കൃതിയുടെ സ്രഷ്ടാവാണ്. ബൈബിളിന്റെ സൂക്ഷ്മമായ വായനയിൽ നിന്നാണ് ഈ ധ്യാനങ്ങൾ ആരംഭിക്കുന്നത്. സാധാരണ വിശുദ്ധ ഗ്രന്ഥവായനയിൽ പ്രധാനം എന്ന് കരുതാത്ത പല സംഭവങ്ങളുടെയും ആഴമായ ധ്യാനമാണ് ഈ പുസ്തകത്തിന്റെ മുഖമുദ്ര.

തലക്കെട്ടുകൊണ്ട് തന്നെ കൗതുകം ജനിപ്പിച്ച ഒരു ഗ്രന്ഥമാണ് അജീഷ് ബാബു അച്ചൻ എഴുതിയ ക്രൈസ്തവ സാഹിത്യ സമിതി പ്രസിദ്ധീകരിച്ച "മീനുകൾ ചിരിക്കുന്നു" എന്ന പുസ്തകം. ഈ പുസ്തകം പരപ്പിലങ്ങ് വായിച്ചവസാനിപ്പിക്കാൻ പറ്റില്ല. കാരണം അത്രമാത്രം അഗാധമാണ് അജീഷ് അച്ചൻ അവതരിപ്പിക്കുന്ന ആശയലോകം. ഇതിൽ ഓരോ വാക്കുകളും വായനക്കാരന്റെ ഹൃദയത്തിൽ കോറിയിടുംവണ്ണം മൂർച്ചയുള്ളതാണ്. നാം മനസ്സിലാക്കിയതിനുമപ്പുറമുള്ള ക്രിസ്തുദർശനമാണ് ഈ ഗ്രന്ഥത്തിലൂടെ സംവേദനം ചെയ്യുന്നത്. മാത്രമല്ല അച്ചന്റെ പരന്ന വായനാനുഭവവും, അഗാധമായ വേദ വിചാരവും ഈ ഗ്രന്ഥരചനയിൽ പ്രതിഫലിച്ചിട്ടുണ്ട്. "അമ്മയൊരു പേരല്ല വേരാണ്. ജീവനെ താലോലിക്കുന്ന വേര്.." കേവലം രണ്ട് വാചകങ്ങളിൽ ആരാണ് അമ്മയെന്ന് എഴുതുമ്പോൾ സാഗരങ്ങളെ കൈക്കുമ്പിളിലൊതുക്കും വിധമുള്ള രചനാവൈഭവമാണ് പ്രകടമാകുന്നത്. നഷ്ടങ്ങളുടെ തീരത്ത് ഇറങ്ങിവന്ന ക്രിസ്തു സാന്നിദ്ധ്യത്തെ അജീഷ് അച്ചൻ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഒരിക്കലും ഇയാളെ തങ്ങൾ കടലിൽ കണ്ടിട്ടില്ല, മീൻ പിടിക്കാൻ തങ്ങളുടെ സമൂഹത്തോടൊപ്പം ഒരിക്കലും വന്നിട്ടില്ല, ഇയാൾക്ക് മീൻപിടിത്തത്തെപ്പറ്റി ധാരണയുമില്ല. എന്നിട്ടും അവർ അയാളെ പ്രതി മാത്രം വലയെറിഞ്ഞു. അതിനൊരു കാരണമേയുള്ളൂ. കടലിൽ മുക്കുവനായി അധ്വാനിച്ചിട്ടില്ലാത്ത, കരയിൽ മാത്രം സഞ്ചരിച്ചിട്ടുള്ള ഒരു റബ്ബി തങ്ങളുടെ നിരാശയിൽ ആദ്യമായാണ് സ്നേഹത്തിൽ പ്രത്യാശയുടെ പദം പറയുന്നത്." വീണ്ടും ആ വലിയ മത്സ്യബന്ധനത്തിനു ശേഷമുള്ള സംഭവങ്ങൾ വിവരിക്കുന്നത് ഇപ്രകാരമാണ്, "മുക്കുവർ ഗുരുവിന് പിന്നാലെ പോകുമ്പോൾ പിടിച്ച മീനുകൾ അവരെ നോക്കി ചിരിക്കുന്നു. മീനുകൾ ചിരിക്കുന്നത് തങ്ങളെ വിറ്റ് വില വാങ്ങാതെ പോയ മുക്കുവരെ നോക്കിയാണ്. ആ മീനുകളുടെ ചിരി ദൈവത്തിന്റെ ചിരിയാണ്. നേടിയതെല്ലാം നഷ്ടപ്പെടുത്തിയിട്ട് ദൈവത്തെപ്രതി സഞ്ചരിക്കുന്ന മനുഷ്യരെ ഓർത്താണ് മീനുകൾ ചിരിക്കുന്നത്." റൂത്തിന്റെ പുസ്തകത്തിലെ നവോമിയുടെ മടക്കയാത്ര ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു, "നവോമിയുടെ ഭർത്താവ് ആ ദേശത്ത് ദാരിദ്ര്യം ഉണ്ടാവുന്നു എന്ന അറിവിൽ സ്വന്തം ദേശം വിട്ടുപോയ ആളാണ്. ഒരർത്ഥത്തിൽ ഭയം നിറഞ്ഞ തീരുമാനമായിരുന്നു അത്. മടങ്ങിപ്പോകുന്നത് ഭർത്താവ് ഉപേക്ഷിച്ച ദേശത്തേക്കാണ്, ഭർത്താവ് ഭയംകൊണ്ട് ഓടി മാറിയ ദേശത്തേക്കാണ്. ഇവിടെയാണ് നവോമിയുടെ പെൺകരുത്ത്. അവൾ മടക്കയാത്രയിലൂടെ പോരാടാൻ വേണ്ടി തന്റെ ശരീരത്തെ, മനസ്സിനെ സ്വയം രൂപപ്പെടുത്തിക്കഴിഞ്ഞു." റൂത്തിനെയും ബോവസിനെയും അച്ചൻ അവതരിപ്പിക്കുന്നതും വ്യത്യസ്തമായാണ് "അവൾ വയലിൽനിന്ന് ശേഖരിച്ച കതിരുകൾ ഏറെ സന്തോഷത്തിലാണ്. അതിന് കാരണം ഒന്നേയുള്ളൂ വിത്തുകൾ അതിന്റെ ഫലത്തെ പുറപ്പെടുവിക്കുന്നത് കേവലം ഒരു പത്തായത്തിന് വേണ്ടിയല്ല. വിശക്കുന്നവന് വേണ്ടിയാണ്. കതിർമണികൾ ദൈവത്തിന്റെ മുന്നിൽ സാക്ഷ്യം പറഞ്ഞു. ഞങ്ങളെ പങ്കിട്ട്, പത്തായത്തിന് പുറത്ത് ഞങ്ങൾക്ക് ജീവനുണ്ടെന്ന് പറഞ്ഞ നീതിമാനാണ് ബോവസ്. അതിനാൽ ദൈവം അവന്റെ തലമുറയിലേക്കാണ് തന്റെ പുത്രനായ യേശു ക്രിസ്തുവിനെ അയച്ചത്. കതിരുകളെല്ലാം അവർ ശേഖരിക്കുന്നതിനിടയിൽ വയലിൽ വീണതാണ്. നിലത്തു കൊയ്ത്തുകാരാൽ ഉപേക്ഷിക്കപ്പെട്ട കതിരുകൾ ദൈവത്തിന്റെ വിത്തായി പരിണമിക്കുന്നു. വയലിൽ കൊയ്ത്തുകാരിൽ നിന്ന് നിലത്തുവീണ കതിരുകൾ ദൈവത്തിന്റെ വിത്തായി.'' കാനയിലെ കല്യാണം ആ ദേശത്തിന്റെ ആഘോഷമായി മാറിയതും ഒപ്പം അവസാനപന്തിയിൽ ഇരുന്നവനെയും ഗൗനിക്കുന്ന ദൈവവിചാരം നഷ്ടങ്ങളോട് പക്ഷം പിടിക്കുന്ന ക്രിസ്തുവിനെയാണ് അടയാളപ്പെടുത്തിയത്. ഈ ഗ്രന്ഥത്തിന്റെ കാതലായി അജീഷ് അച്ചൻ പറഞ്ഞുവെയ്ക്കുന്നത് ഇതാണ്. "നമ്മുടെ പരിഗണനകൾക്ക് പുറത്തുള്ള മനുഷ്യരെ നിഷ്കളങ്കമായി കെട്ടിപ്പിടിക്കാൻ സാധിക്കുമെങ്കിൽ, നമ്മൾ വലിയ മനുഷ്യരാവും." ദൈവത്തിന്റെ ആലിംഗനം ഈ ഗ്രന്ഥത്തിലൂടെ അനുഭവിച്ചറിയുന്നു. ആ സ്നേഹച്ചൂട് അനുഭവിച്ചവർ എങ്ങനെയാണ് ആ സ്നേഹച്ചൂട് പങ്കുവെയ്ക്കാതിരിക്കുക. മീനുകൾക്കൊപ്പം ദൈവവും ചിരിക്കുന്നുണ്ട്... നമ്മെയും കണ്ട് ആ ദൈവം ചിരിക്കട്ടെ....

പുസ്തക പരിചയം

മറ നീക്കേണ്ട മർമ്മങ്ങൾ

വെളിപ്പാട് പുസ്തക പഠനങ്ങൾ

റവ. ബോബി മാത്യു

സി.എസ്.എസ്. ബുക്സ്, തിരുവല്ല
വില: 100 രൂപ

വെളിപ്പാട് പുസ്തകത്തിലെ മറഞ്ഞിരിക്കുന്ന നിരവധി ആത്മീയ സത്യങ്ങൾ പഠിക്കുവാൻ സഹായിക്കുന്ന ഗ്രന്ഥം. മറ നീക്കേണ്ട മർമ്മങ്ങൾ എന്ന് പേരിട്ടിരിക്കുന്നതുപോലെ വെളിപ്പാടിലെ സമസ്യകളിൽ എല്ലായിടത്തും കണ്ണെത്തിയാൽ വിമോചനവും പുനർ നിർമ്മാണവും ഉത്തരവാദിത്വ ബോധവും വ്യക്തമായി കാണാൻ കഴിയുമെന്ന് ഓർമ്മിപ്പിക്കുന്ന വായനാനുഭവങ്ങൾ ഈ പുസ്തകം സമ്മാനിക്കുന്നു.



നിഖ്യാ സുന്നഹദോസും വിശ്വാസപ്രമാണവും

റവ ഡോ. ആർ.സി. തോമസ്

സി.എസ്.എസ്. ബുക്സ്, തിരുവല്ല
വില 210 രൂപ

സഭയുടെ ക്രിസ്തു വിശ്വാസത്തെ ദീപ്തമാക്കിയ വിശ്വാസപ്രമാണത്തെ കുറിച്ചുള്ള ആധികാരിക പഠനം. സഭാ ചരിത്രത്തിലേക്കും വിശ്വാസത്തിന്റെ ആഴങ്ങളിലേക്കും പുസ്തകത്തിലൂടെ വാതിൽ തുറക്കുന്നു. 1700-ാം വാർഷികത്തിൽ ക്രൈസ്തവ സമൂഹത്തിന് നൽകുന്ന വിലപ്പെട്ട ഉപഹാരം.

നിഖ്യാ വിശ്വാസപ്രമാണം വായന മനനം

എഡിറ്റർമാർ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

റവ. ഡോ. ജോൺ ഫിലിപ് അട്ടത്തറയിൽ

ടി എൽ സി തിരുവല്ല, വില 220 രൂപ

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ 1700 ാമത് വാർഷികത്തിൽ ത്രിത്വ വിശ്വാസത്തെ കുറിച്ചും പിതാവ് പുത്രൻ പരിശുദ്ധാത്മാവ് സഭ എന്നിവയെക്കുറിച്ചും വിശദമായ പ്രബോധനം നൽകുന്ന പുസ്തകം. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും ഇതര പഠിതാക്കൾക്കും പ്രയോജനകരമായ ഗ്രന്ഥം.

സഭായോജിപ്പിന് ചില ഓറിയന്റൽ മാതൃകകൾ

വർഗീസ് ജോൺ തോട്ടപ്പുഴ

അർമേനിയൻ (രണ്ട് കാതോലിക്കോസേറ്റുകൾ), കോപ്റ്റിക് (അലക്സന്ത്രിയൻ), എത്യോപ്യൻ, എറിത്രിയൻ, സിറിയൻ (അന്ത്യോഖ്യൻ), മലങ്കര എന്നീ ആറു സഭകളാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഉൾപ്പെടുന്നത്.

അലക്സന്ത്രിയൻ ആരാധനക്രമ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന മൂന്ന് സ്വതന്ത്ര സ്വയംശീർഷകസഭകളാണ് കോപ്റ്റിക്, എത്യോപ്യൻ, എറിത്രിയൻ ഓർത്തഡോക്സ് സഭകൾ. ഈ സഭകളുടെ ഹ്യസ്വമായ ഒരു ചരിത്രവും അവ തമ്മിലുള്ള ബന്ധവും ആദ്യം വിവരിക്കുന്നു. അർമേനിയൻ സഭയിൽ ഇരു കാതോലിക്കേറ്റും തമ്മിൽ 1991 – 1995 കാലത്ത് നടത്തിയ ഐക്യശ്രമങ്ങളാണ് രണ്ടാമതായി പറയുന്നത്. 1968 മുതൽ രണ്ടായി നിൽക്കുന്ന പൗരസ്ത്യ അസിറിയൻ (കൽദായ സുറിയാനി) സഭയുടെ ഇന്ത്യയിലെ യോജിപ്പും ആഗോള തലത്തിലുള്ള സഹകരണവും ഐക്യശ്രമങ്ങളും അവസാനം വിവരിക്കുന്നു.

അന്ത്യോഖ്യൻ ആരാധനക്രമ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന സിറിയൻ, മലങ്കര സഭകൾ തമ്മിലുള്ള ബന്ധത്തിന് മാതൃകയാക്കാവുന്ന അലക്സന്ത്രിയൻ ഉടമ്പടികളും പ്രത്യേകം പരാമർശിക്കുന്നുണ്ട്.

പുത്രീസഭകൾക്ക് സ്വാതന്ത്ര്യം നൽകിയ കോപ്റ്റിക് സഭ

(Coptic Orthodox Church of Alexandria)

സുവിശേഷകനായ വി. മർക്കോസ് ആണ് ഈജിപ്റ്റിലെ സഭയുടെ സ്ഥാപകൻ. അദ്ദേഹം എഡി 63ൽ അലക്സന്ത്രിയായിൽ രക്തസാക്ഷിയായതായിട്ടാണ് പാരമ്പര്യം. തുടർന്ന് ഈജിപ്റ്റ് ഒരു ക്രൈസ്തവ രാജ്യമായും അലക്സന്ത്രിയാ ദൈവശാസ്ത്രത്തിന്റെ കേന്ദ്രസ്ഥാനമായും മാറി. അലക്സന്ത്രിയൻ വേദശാസ്ത്രമാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അംഗീകരിച്ചിരിക്കുന്നത്.

എഡി 641ലെ അറബി അധിനിവേശത്തിനു ശേഷം കോപ്റ്റുകളുടെ ജനസംഖ്യ ക്രമേണ കുറയുകയും എഡി 850 നോടടുത്ത് അവർ ഈജിപ്റ്റിലെ ന്യൂനപക്ഷമാകുകയും ചെയ്തു. കോപ്റ്റിക്കിനു പകരം അറബി ഔദ്യോഗിക ഭാഷയായി. മദ്ധ്യപൂർവദേശത്തെ ഏറ്റവും വലിയ ക്രൈസ്തവസഭയും ഈജിപ്റ്റിലെ ഏറ്റവും വലിയ ന്യൂനപക്ഷ വിഭാഗവുമാണ് ഇന്ന് കോപ്റ്റിക് സഭ. സഭയുടെ ആരാധന ഭാഷ കോപ്റ്റിക്കും അറബിയുമാണ്. സുദീർഘമായ സന്യാസ പാരമ്പര്യമുള്ള കോപ്റ്റിക് സഭയിൽ അനേകം സന്യാസ ആശ്രമങ്ങളുണ്ട്. ഇസ്ലാമിക മൗലികവാദം സഭയ്ക്ക് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

അലക്സന്ത്രിയായിലെ 13-ാമത്തെ ബിഷപ്പ് ആയ ഹെരാക്ലസ് (231-248) ആണ് ക്രൈസ്തവ ലോകത്ത് ആദ്യമായി 'പോപ്പ്' എന്നു സംബോധന ചെയ്യപ്പെട്ട സഭാതലവൻ. പൗരസ്ത്യ സഭകളിൽ വൈദികരും പാശ്ചാത്യ സഭകളിൽ ബിഷപ്പുമാരും ഒരു കാലത്ത് ഇങ്ങനെ വിളിക്കപ്പെട്ടിരുന്നു. അലക്സന്ത്രിയായിലെ ബിഷപ്പുമാർ കാൽസിഡോൺ സിനഡിനു (451) മുൻപു തന്നെ ഈ സ്ഥാനപ്പേര് ഉപയോഗിച്ചു തുടങ്ങിയതുകൊണ്ടാണ് ഈജിപ്റ്റിലെ കോപ്റ്റിക് – ബൈസന്റയിൻ (ഗ്രീക്ക്) ഓർത്തഡോക്സ് പാത്രിയർക്കീസുമാർ ഇന്നും ഈ സ്ഥാനപ്പേരിൽ അറിയപ്പെടുന്നത്. 'അലക്സന്ത്രിയായുടെയും ആഫ്രിക്കാ മുഴുവന്റെയും പാപ്പായും പാത്രിയർക്കീസും' എന്നാണ് അലക്സന്ത്രിയായിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ സ്ഥാനം.

> **ചില ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ നടന്ന ഭിന്നിപ്പും തുടർന്ന് ഉണ്ടായ ഐക്യശ്രമങ്ങളും സംബന്ധിച്ച പരമ്പര.**

ഈ സഭ 'അലക്സന്ത്രിയൻ സഭ' എന്നും അറിയപ്പെടുന്നു. എത്യോപ്യൻ, എറിത്രിയൻ സഭകൾ കോപ്റ്റിക് സഭയുടെ പുത്രീസഭകളായി കണക്കാക്കപ്പെടുന്നു. ഇന്നും ഈ രണ്ടു സഭകളും കോപ്റ്റിക് പോപ്പിന് 'സമന്മാരിൽ മുമ്പൻ' എന്ന സ്ഥാനം നൽകി ആദരിക്കുന്നു. കോപ്റ്റിക് പാത്രിയർക്കീസിന്റെ (പോപ്പ്) പ്രഥമ സ്ഥാനം (പ്രൈമസി) അംഗീകരിച്ചുകൊണ്ടുതന്നെ കോപ്റ്റിക് സഭ എത്യോപ്യൻ സഭയ്ക്കും ഇരുസഭകളും ചേർന്ന് എറിത്രിയൻ സഭയ്ക്കും ഘട്ടം ഘട്ടമായി സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും നൽകിയിരിക്കുകയാണ്. സമന്മാരായ ഏഴ് ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ ഇടയിൽ കോപ്റ്റിക് പോപ്പിന് പ്രഥമ സ്ഥാനമുണ്ട്. 'അലക്സന്ത്രിയായുടെ പോപ്പും വിശുദ്ധ മർക്കോസിന്റെ സിംഹാസനത്തിലെ പാത്രി യർക്കീസും' എന്നാണ് കോപ്റ്റിക് സഭയുടെ പ്രധാനമേലദ്ധ്യക്ഷന്റെ സ്ഥാനം. പോപ്പ് തെവദ്രോസ് രണ്ടാമനാണ് ഇപ്പോഴത്തെ സഭാതലവൻ.

രണ്ടു പിളർപ്പുകളെ അതിജീവിച്ച എത്യോപ്യൻ സഭ

(Ethiopian Orthodox Tewahedo Church)

എത്യോപ്യയിൽ ക്രൈസ്തവ സഭ ആദിമകാലത്തുതന്നെ പ്രവേശിച്ചതായി പാരമ്പര്യമുണ്ട്. അപ്പോസ്തോല പ്രവൃത്തികളിൽ (8: 26 – 40) പറയുന്ന ഷണ്ഡൻ, ഫീലിപ്പോസ് ശെമ്മാശ്ശനിൽ നിന്ന് മാമോദീസായേറ്റ ശേഷം എത്യോപ്യയിൽ പോയി സുവിശേഷം പ്രചരിപ്പിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു. കൂടാതെ അപ്പോസ്തോലനായ വി. മത്തായി എത്യോപ്യ സന്ദർശിച്ചതായും പാരമ്പര്യമുണ്ട്.

സോർ നിവാസികളായ ഫ്രുമെൻഷ്യസ്, എഡേഷ്യസ് എന്നിവർ നാലാം നൂറ്റാണ്ടിൽ എത്യോപ്യയിലെത്തിയതോടെയാണ് ക്രൈസ്തവസഭയുടെ ഔദ്യോഗിക ആരംഭം. എസാന ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടെ സഭ രാജ്യത്തെ ഔദ്യോഗിക മതമായിത്തീർന്നു. വൈകാതെ ഫ്രുമെൻഷ്യസ് ഈജിപ്റ്റിലെത്തി അലക്സാന്ത്രിയാ പാത്രിയർക്കീസ് വി. അത്താനാസിയോസിൽ നിന്ന് എഡി 329ൽ മെത്രാൻ പട്ടമേറ്റ് 330ൽ മടങ്ങിയെത്തി. 'ആബാസലാമ' എന്നറിയപ്പെട്ട അദ്ദേഹ മാണ് എത്യോപ്യയിലെ ആദ്യ മെത്രാപ്പോലീത്താ.

അലക്സന്ത്രിയായിലെ കോപ്റ്റിക് പാത്രിയർക്കീസിന്റെ ആത്മീയനേതൃത്വത്തിൻ കീഴിലായിരുന്നു ഈ പുരാതന സഭ. കോപ്റ്റിക് സഭാതലവന്മാർ (പോപ്പ്) വാഴിച്ചയയ്ക്കുന്ന മെത്രാന്മാരാണ് എത്യോപ്യൻ സഭയ്ക്ക് ആത്മീയ നേതൃത്വം നൽകിവന്നിരുന്നത്. അവർ എപ്പോഴും ഈജിപ്റ്റുകാരായ കോപ്റ്റിക് സഭാംഗങ്ങളായിരുന്നു. 'ആബൂനാ' എന്നാണ് അവരെ വിളിച്ചിരുന്നത്. ഇതു കൂടാതെ എഡി 1268 മുതൽ തദ്ദേശിയരായ 'എച്ചഗേ'മാർ സഭയ്ക്ക് ഭരണ നേതൃത്വം നൽകിവന്നു. സഭ വളർന്നപ്പോൾ ഒരു മെത്രാപ്പോലീത്താ മാത്രമായാൽ മതിയാവുകയില്ല എന്നതുകൊണ്ട് 1878ൽ ഒരു മെത്രാപ്പോലീത്തായും മൂന്ന് മെത്രാന്മാരും എത്യോപ്യയിലേക്കു നിയമിക്കപ്പെട്ടു. 1929ൽ ഈജിപ്റ്റുകാരനായ ഒരു മെത്രാപ്പോലീത്തായെയും എത്യോപ്യക്കാരായ നാലു മെത്രാന്മാരെയും വാഴിച്ചു. 1948 ജൂലൈ 13ലെ ഉടമ്പടിയനുസരിച്ച് അഞ്ച് എത്യോപ്യക്കാരെ മെത്രാന്മാരായി വാഴിച്ചു. ആബൂനാ കൂറിലോസിന്റെ കാലശേഷം പോപ്പ് ജോസഫ് രണ്ടാമൻ എത്യോപ്യക്കാരനായ ആബൂനാ ബസേലിയോസിനെ 1951 ജനുവരി 14ന് മെത്രാപ്പോലീത്തായായി വാഴിച്ച് എത്യോപ്യൻ സഭയ്ക്ക് ഉൾഭരണ സ്വാതന്ത്ര്യം നൽകി. കോപ്റ്റിക് പോപ്പ് സിറിൾ ആറാമൻ 1959 ജൂൺ 28ന് ആബൂനാ ബസേലിയോ

തുടർച്ച 10-ാം പേജ്

തുടർച്ച 9-ാം പേജ്
സഭായോജിപ്പിന് ചില ഓറിയന്റൽ മാതൃകകൾ

സിനെ പാത്രിയർക്കീസായി വാഴിച്ചതോടെ എത്യോപ്യൻ സഭ പൂർണ സ്വാതന്ത്ര്യവും സ്വയംശീർഷ കത്വവും കൈവരിച്ചു. പിന്നീടുള്ള പാത്രിയർക്കീസുമാരെ (1971, 1976, 1988, 1992, 2013) എത്യോപ്യൻ സഭാ സിനഡ് തന്നെയാണ് അവരോധിച്ചത്.

എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ ഭരണകാലം (1930 – 1974) സഭയുടെ സുവർണ കാലഘട്ടമായിരുന്നു. ആഡിസ് അബാബായിൽ 1965 ജനുവരിയിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനം അദ്ദേഹം വിളിച്ചുകൂട്ടി. ഇത് ക്രൈസ്തവലോക ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. 1974ൽ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും തുടർന്ന് വധിക്കപ്പെടുകയും ചെയ്തു. തുടർന്നു കമ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നു.

ഇതോടെ ഔദ്യോഗികമതമെന്ന സ്ഥാനം സഭ യ്ക്ക് നഷ്ടപ്പെടുകയും സഭയും രാജ്യവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തു. പുതിയ ഗവൺമെന്റ് 1976ൽ പാത്രിയർക്കീസ് ആബൂനാ തെയോഫിലോസിനെ സ്ഥാനഭ്രഷ്ടനാക്കി; അദ്ദേഹം 1979ൽ വധിക്കപ്പെട്ടു. ഇതിനിടെ ആബൂനാ തെക്ലേഹൈമനോത് പാത്രിയർക്കീസായി (1976 – 1988). മുൻഗാമി ജീവിച്ചിരിക്കുമ്പോൾ തന്നെ വാഴിക്കപ്പെട്ടതിനാൽ കോപ്റ്റിക് സഭ ഇദ്ദേഹത്തെ അംഗീകരിച്ചിരുന്നില്ല.

കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ 1988-ൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ട ആബൂനാ മെർക്കോറിയോസ്, കമ്യൂണിസ്റ്റ് ഗവൺ മെന്റിന്റെ തകർച്ചയെ തുടർന്ന് അവരുമായി സഹകരിച്ചതിന്റെ പേരിൽ 1991-ൽ സുന്നഹദോസിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും 1993ൽ പലായനം ചെയ്യുകയും പിന്നീട് അമേരിക്കയിൽ രാഷ്ട്രീയ അഭയം തേടുകയും ചെയ്തു. തുടർന്ന് ആബൂനാ പൗലോസ് (1992 – 2012) പാത്രിയർക്കീസായി. ഒരു വിഘടിത വിഭാഗത്തിനു നേതൃത്വം നൽകിക്കൊണ്ട് ആബൂനാ മെർക്കോറിയോസ് ന്യൂജേഴ്സിയിൽ താമസിക്കുകയായിരുന്നു.

ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് നേതൃത്വം നൽകിയ ഔദ്യോഗിക വിഭാഗവും (ആഡിസ് അബാബാ സിനഡ്) ആബൂനാ മെർക്കോറിയോസ് പാത്രിയർക്കീസ് നേതൃത്വം നൽകിയ രാജ്യത്തിനു പുറത്തുള്ള വിഭാഗവും (എക്സൈൽ സിനഡ്) 2018 ജൂലൈ 31ന് സമ്പൂർണ യോജിപ്പിലെത്തി. ഇതേ തുടർന്ന് അമേരിക്കയിൽ പ്രവാസിയായി കഴിഞ്ഞ ആബൂനാ മെർക്കോറിയോസ് എത്യോപ്യയിൽ മടങ്ങിയെത്തി. എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമദ് അലിയുടെ ശക്തമായ ഇടപെടലാണ് 27 വർഷത്തെ ഭിന്നിപ്പ് അവസാനിപ്പിച്ചത്. പരസ്പര മുടക്കുകൾ പിൻവലിച്ച തോടെ ഒരു സഭയും ഒരു സുന്നഹദോസും മാത്രമായി. ഇരു പാത്രിയർക്കീസുമാരും സഭാ തലവന്മാരാണെങ്കിലും ഭരണച്ചുമതല ആബൂനാ മത്ഥിയാസ് നിർവഹിച്ചുവന്നു. ആബൂനാ മെർക്കോറിയോസ് പാത്രിയർക്കീസ് 2022 മാർച്ച് മൂന്നിന് കാലം ചെയ്തു. കബറടക്കം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ 13ന് ആഡിസ് അബാബായിലെ ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടന്നു.

സമീപകാലത്തെ വംശീയപ്രശ്നങ്ങൾ സഭയ്ക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒറോമിയാ വംശീയ-ഭാഷാ-സംസ്കാരിക പ്രശ്നങ്ങൾ സമീപകാലത്ത് രൂക്ഷമാകുകയും സഭയെ ഒരു ഭിന്നതയിലേക്ക് നയിക്കുകയും ചെയ്തു. വിഘടിതവിഭാഗത്തിന് നേതൃത്വം നൽകിയ മൂന്ന് ആർച്ച്ബിഷപ്പുമാർ 2023 ജനുവരി 22-ന് സിനഡിന്റെ അറിവോ സമ്മതമോ കൂടാതെ 26 പേരെ ബിഷപ്പുമാരായി വാഴിച്ചു. മൂന്ന് ആർച്ച്ബിഷപ്പുമാരെയും അവർ ബിഷപ്പുമാരായി വാഴിച്ച 25 സന്യാസിമാരെയും ജനുവരി 26-ന് സഭയിൽ നിന്നു മുടക്കി. ഒരാൾ നിലപാട് മാറ്റി ക്ഷമാപണക്കത്ത് കൊടുത്തതുകൊണ്ടാണ് നടപടിയിൽ നിന്ന് ഒഴിവാക്കിയത്. എന്നാൽ മൂന്നാഴ്ചയ്ക്കുള്ളിൽ തന്നെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായി.

എത്യോപ്യൻ സഭയുടെയും 'ഒറോമിയാ സിനഡ്' എന്നറിയപ്പെട്ട വിമതരുടെയും സർക്കാരിന്റെയും പ്രതിനിധികൾ തമ്മിൽ നടന്ന ചർച്ചകൾ വിജയിച്ചതിനെ തുടർന്ന് ഫെബ്രുവരി 15ന് സഭയിൽ ഐക്യം പുനഃസ്ഥാപിക്കുകയുണ്ടായി. വിഘടിതവിഭാഗത്തിന് നേതൃത്വം നൽകിയ ആർച്ച്ബിഷപ്പുമാരായ സേവിറോസ്, എവുസ്താത്തിയോസ്, സേനാ മർക്കോസ് എന്നിവരുടെ മുടക്ക് പിൻവലിച്ചു. വിമതർ വാഴിച്ച മെത്രാന്മാർ തൽക്കാലം പഴയ സ്ഥാനങ്ങളിലേക്ക് മടങ്ങും. സഭയുടെ കാനോൻ അനുസരിച്ച് യോഗ്യതയുള്ളവർക്ക് പിന്നീട് നിയമനം നൽകും.

എത്യോപ്യൻ സഭയിൽ നിന്ന് മുടക്കപ്പെട്ട മുൻ ആർച്ചുബിഷപ്പുമാരും സന്യാസികളും "തിഗ്രേ ഓർത്തഡോക്സ് തെവാഹെദൊ ചർച്ച് സിനഡ്" എന്ന പേരിൽ 'സഭാ കൗൺസിൽ' 2024ൽ രൂപീകരിച്ചു. 2021ൽ തുടങ്ങിയ തിഗ്രേ വംശീയ പ്രശ്നം സഭയെ പിളർപ്പിലേക്ക് നയിക്കുകയായിരുന്നു. അനുരഞ്ജന ശ്രമങ്ങൾ നടക്കുന്നുണ്ട്.

റഷ്യൻ സഭ കഴിഞ്ഞാൽ ഏറ്റവും വലിയ ഓർത്തഡോക്സ് സഭയും ഓറിയന്റൽ സഭകളിൽ ഏറ്റവും വലുതുമാണ് എത്യോപ്യൻ സഭ. എത്യോപ്യയിലെ ജനങ്ങളിൽ പകുതിയോളം സഭാവിശ്വാസികളാണ്. മലങ്കരസഭയുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തുന്ന സഭയാണിത്. 'എത്യോ പ്യയുടെ പാത്രിയർക്കീസും വി. തെക്ലേഹൈമനോത്തിന്റെ സിംഹാസനത്തിലെ എച്ചഗേയും' എന്നാണ് പാത്രിയർക്കീസിന്റെ സ്ഥാനനാമം. ആബൂനാ മത്ഥിയാസ് ആണ് സഭാതലവൻ.

(തുടരും)

QUIZ CORNER 2

പ്രശ്നോത്തരി

യൂഹാനോൻ

1. ഇയ്യോബിന്റെ ദേശം?
2. മോശയുടെ പേരിൽ അറിയപ്പെടുന്ന സങ്കീർത്തനം?
3. അപ്പോസ്തോല പ്രവൃത്തികൾ എന്ന പുസ്തകം രചിച്ചതാര് ?
4. യേശു ബഥാന്യയിൽ എത്തിയപ്പോൾ ലാസറിനെ കല്ലറയിൽ വച്ചിട്ട് എത്ര ദിവസമായിരുന്നു?
5. നെഹമ്യാവിന്റെ പുസ്തകത്തിൽ എത്ര അധ്യായം ?
6. മാവുർബോ എന്ന വാക്കിന്റെ അർത്ഥം?
7. 'വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ' എന്ന ഗീതത്തിന്റെ റഫറൻസ്?
8. ജനന പെരുന്നാൾ സന്ധ്യാനമസ്കാരത്തിൽ തൂബൈക്ക് ഈത്തോ എന്ന രീതിയിൽ ആലപിക്കുന്ന ഗീതം ഏത്?
9. ആചാര്യന്മാരുടെ ഞായർ, ഊശാന പെരുന്നാൾ, പെന്തിക്കോസ്തി പെരുന്നാൾ എന്നീ ദിവസങ്ങളിൽ പൊതുവായുള്ളത് എന്താണ്?
10. വി. ദൈവമാതാവിന്റെ വിത്തുക്കൾക്ക് വേണ്ടിയുള്ള പെരുന്നാൾ എന്നാണ്?
11. സഭാകവി സി. പി ചാണ്ടി അന്ത്യവിശ്രമം കൊള്ളുന്നത് എവിടെ?
12. തൃക്കുന്നത്ത് സെമിനാരിയിൽ എത്ര മേൽപട്ടക്കാരെ കബറടക്കിയിട്ടുണ്ട് ?
13. ചെന്നൈ (മദ്രാസ്) ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ?
14. മലങ്കര സഭാ ഭരണഘടനയിൽ അവസാനമായി ഭേദഗതി നടന്നത് ഏത് വർഷം?
15. മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുടെ കബറിടം എവിടെ സ്ഥിതി ചെയ്യുന്നു?

ഉത്തരങ്ങൾ ഒക്ടോബർ 31 നകം അയയ്ക്കുക

98986 16801

കൂടുതൽ പോയിന്റ് നേടുന്നവർക്ക് വർഷാവസാനം സമ്മാനം നൽകുന്നതാണ്.

QUIZ CORNER 1

ഉത്തരങ്ങൾ

1. ബിലയാമിന്റെ
2. അമിത്ഥാ
3. 16
4. സുന്ദരം
5. കണ്ണ്
6. എറ്റുപറച്ചിൽ
7. ഗലാത്യർ 1: 5 -9
8. ശൂനോയോ പെരുന്നാൾ
9. 7
10. June 15
11. പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
12. മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ്
13. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത
14. 14
15. പാമ്പാക്കുട ചെറിയപള്ളി

പ്രതികരണം

മിഷൻ പ്രവർത്തനത്തിന്റെ പ്രസക്തിയും പുനർചിന്തയും

ഛത്തീസ്ഗഢിൽ മലയാളിയായ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തെ തുടർന്ന്, ക്രൈസ്തവരുടെ മിഷൻ പ്രവർത്തനം പുനഃപരിശോധിക്കേണ്ട സമയമാണ്. ബഹുസ്വരതയും മതബഹുലതയും അടയാളമാക്കിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ഈ സാഹചര്യത്തിൽ ആളുകളെ സഭയിലേക്ക് ചേർക്കാൻ മാമോദീസ നൽകുന്ന രീതി ഇന്നും പ്രസക്തമാണോ എന്ന ചോദ്യമാണ് ഉയരുന്നത്.

മതംമാറ്റം (Proselytization) എന്നത് യേശു അംഗീകരിച്ച രീതി അല്ല. യേശുക്രിസ്തുവിന്റെ സന്ദേശം ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചാണ്. “ദൈവം സ്നേഹമാണ്” (1 യോഹന്നാൻ 4:8,16) എന്നതാണ് അതിന്റെ ആധികാരികമായ അടിസ്ഥാനം. ദൈവത്തെ “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്ന അഭിമുഖത്തോടെയാണ് യേശു നമ്മെ പ്രാർത്ഥനയിലേക്കു ക്ഷണിച്ചത്. ഈ സ്നേഹത്തിന് അതിരുകൾ ഇല്ല. യഹൂദനായ യേശു, പുറജാതിക്കാരനായ ശതാധിപനെ ബഹുമാനിക്കുകയും, ഒടുവിൽ എല്ലാവർക്കും വേണ്ടി ക്രൂശിൽ മരിക്കുകയും ചെയ്തു. സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും അതിലൂടെ യഥാർത്ഥത്തിൽ വെളിപ്പെട്ടതാകുന്നു. വിശുദ്ധ ത്രിത്വത്തിൽ നിത്യ സ്നേഹം പങ്കു വയ്ക്കപ്പെടുന്നു. അതുപോലെ തന്നെ, മനുഷ്യരാശി മുഴുവൻ സ്വാർത്ഥതയെ തള്ളി സ്നേഹത്തിൽ പങ്കാളികളാകേണ്ടതുണ്ട്. അതാണ് ദൈവരാജ്യത്തിന്റെ ആവിഷ്കാരം. സ്നേഹത്തിൽ അഭിമുഖപ്പെട്ട ഒരു പുതിയ ലോകം സൃഷ്ടിക്കുക എന്നതാണ് ക്രൈസ്തവ ദൗത്യം.

ഇത് ആത്മാക്കൾ “നേടാനുള്ള” ഒരു ഇൻഷുറൻസ് കാൻവാസിംഗ് ശൈലിയിലുള്ള പ്രവർത്തനമല്ല. അതിനുപരിയായി, സഹജീവികളുടെ അവസ്ഥ തിരിച്ചറിയുന്ന, സഹാനുഭൂതി നിറഞ്ഞ, സമഗ്രമായ ഒരു ദൗത്യമാണ് ക്രൈസ്തവ സുവിശേഷവേല. ചില ക്രൈസ്തവ ഗ്രൂപ്പുകൾ ഇങ്ങനെ തരംതാണ കാൻവാസിംഗ് രീതികളിൽ ഏർപ്പെടുന്നത് ദുഃഖകരമാണ്. എന്നാൽ, ഭൂരിപക്ഷ ഹൈന്ദവർ വളരെ സഹിഷ്ണുതയുള്ളവരാണ്. മതങ്ങൾക്കിടയിലെ സൗഹൃദത്തിനും മാനവികതക്കുമായി സദ്ഭാവത്തോടെ അടുക്കാനുള്ള ഉത്തരവാദിത്തം ക്രൈസ്തവരായിരിക്കും ഏറ്റെടുക്കേണ്ടത്.

സുവിശേഷം അറിയിക്കുക ക്രൈസ്തവന്റെ ദൗത്യമാണ്. യേശുക്രിസ്തുവാണ് സുവിശേഷം തന്നെ. പൗലോസ് അപ്പോസ്തോലൻ പറയുന്നത് ഇതാണ്: “ദാവീദിന്റെ സന്തതിയായി ജനിച്ച്, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക അതാണ് എന്റെ സുവിശേഷം” (2 തിമൊഥെയൊസ് 2:8).

ഈ പശ്ചാത്തലത്തിൽ, മിഷൻ പ്രവർത്തനം മതേതരത്വം മാനിച്ചും മതബഹുലതയെ ബഹുമാനിച്ചും, മാനവികതയെ ആധാരമാക്കി പുനർചിന്തിക്കപ്പെടേണ്ടതുണ്ട്. രക്ഷയെ പാപമോചനത്തിലേക്ക് ചുരുക്കിയതിൽ നിന്ന് ഉയർത്തി, യേശു പ്രതിനിധീകരിച്ച മൂല്യങ്ങൾ, യേശു കാട്ടിത്തന്ന ബന്ധങ്ങൾ, സമൂഹത്തിൽ സാക്ഷാത്കരിക്കുന്നതിലേക്കാണ് മിഷൻ ഇപ്പോൾ തിരിയേണ്ടത്.

നീതി, ദയ, സഹിഷ്ണുത, സഹജീവനം തുടങ്ങിയ മൂല്യങ്ങൾ സമൂഹത്തിൽ ആഴപ്പെടുത്തുന്നതിനാണ് യഥാർത്ഥ ദൗത്യധർമ്മം. ഇതിന്റെ ഫലമായി, മിഷൻ ഇപ്പോൾ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലയിലേക്കും വ്യാപിച്ചു. അതിന്റെ സാരമാണ് ‘മാനവ സേവ മാധവ സേവ’.

ജേക്കബ് ഈശോ, കൊല്ലം

കാലിക പ്രസക്തമായ ലേഖനങ്ങൾ

പുതിയ ലക്കം ബുള്ളറ്റിൻ വായിച്ചു. കാലിക പ്രസക്തമായ ലേഖനങ്ങളും ചിന്തകളും ബുള്ളറ്റിനെ കൂടുതൽ ഈടുറ്റതാക്കി. പരിസ്ഥിതി/ഹരിത ചിന്തകൾ ഏറെ പ്രസക്തവും മികച്ചതുമായിരുന്നു. നമ്മുടെ ദേവാലയങ്ങളിൽ വൈദ്യുതി വിളക്കുകളുടെ അതിപ്രസരമാണ്. കർണപടം പൊട്ടുന്ന തരത്തിലുള്ള ശബ്ദവും. ഇവയ്ക്കെല്ലാം അറുതി വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സന്തോഷ് പവിത്രമംഗലത്തിന്റെ അർമേനിയൻ യാത്രാവിവരണം ഏറെ ആകർഷകമായിരുന്നു. അർമേനിയ സന്ദർശിച്ചിട്ടില്ലാത്തവർക്ക് അവിടെ പോകാനുള്ള പ്രചോദനവും പോയിട്ടുള്ളവർക്കു ഓർമപുതുക്കലും കൂടിയായി ആ വിവരണം.

യുവാക്കളെ ആകർഷിക്കുന്ന ഒരു പംക്തി ഉണ്ടാവുന്നത് നല്ലതാണ്. പരമ്പരാഗത ശൈലി മാറ്റി യുവാക്കൾക്ക് ഇഷ്ടപ്പെടുന്ന രീതിയിലുള്ള പ്രശ്നോത്തരി തുടങ്ങണം.

ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ.

ചെറിയാൻ വർഗീസ്, കോട്ടയം

കഴിഞ്ഞ ലക്കം വളരെ മനോഹരമായി അണിയിച്ചൊരുക്കിയ പുതിയ എഡിറ്റോറിയൽ ടീമിന് അഭിനന്ദനങ്ങൾ. എഡിറ്റോറിയൽ വിഭാഗം മികച്ച രീതിയിൽ ജോലി ചെയ്യുന്നുവെന്നത് വളരെ സന്തോഷകരം തന്നെ. ഇത് വൈകാതെ ഒരു മാസിക രൂപത്തിലെത്തുമെന്നു പ്രതീക്ഷിക്കുന്നു. ഹൃദയം നിറഞ്ഞ ആശംസകൾ.

കെ. ജിജി പണിക്കർ, ചെങ്ങന്നൂർ.

CLASSIFIED MATRIMONIAL

Orthodox Boy 40/175 M.Com, Handsome. working in Govt Sector. Seeks suitable bride.
Mob : 75608 66278

Re-Marriage
Orthodox boy, B.Com, MBA, Senior Associate, SBI /35/Ht-165 cm, Kottayam, Divorcee.
Mob : 94475 68044.

Re-Marriage
UAE യിൽ ജോലി ചെയ്യുന്ന ഓർത്തഡോക്സ് യുവതി 36/M Com/ Middle class family. സഭയേതുമാകാം. കുട്ടികൾ ഉള്ളവരുമാകാം.
Contact: 91 95269 30848.
(WhatsApp: 97469 94386)

സ്മരണാഞ്ജലി

“ നിന്റെ മഹത്വമുദിക്കും നാൾ...
നിൽക്കണമിവൻ വലഭാഗത്ത്. ”

വേർപാടിന്റെ ഒരു വർഷം

(10.09.2025)

പി. കെ. ചാക്കോ

പാറൂപ്പള്ളിൽ മെറിലാന്റ്
മഞ്ചള്ളൂർ, പത്തനാപുരം

ദീപ്തമായ ഓർമകളോടെ

ഭാര്യ: ലീലാമ്മ ചാക്കോ.
മക്കൾ: സൂസൻ പി ജേക്കബ്, Dr: സാറാ ജേക്കബ്, ആൻ പി ജേക്കബ്
മരു മക്കൾ: റെജി സി എബ്രഹാം ചിറത്തലാട്ട്, ജിജി പണിക്കർ കെ. വൈരമൺ, Late: ചാൾസ്ചാക്കോ
കൊച്ചു മക്കൾ: എബ്രഹാം തോമസ്, Dr: ഐറിൻ അന്ന തോമസ്, കോശി ജെ പണിക്കർ, ജേക്കബ് ജെ പണിക്കർ, കോളിൻ ചാൾസ്

“ ..എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും..’
(വിശുദ്ധ യോഹന്നാൻ 11:25)

In Loving Memory of

തോമസ് പണിക്കർ കെ.

(അനിയൻ)
D.o.D: 05.08.2025

(S/o : Late: സി.കോശി പണിക്കർ & ചിന്നമ്മ കോശി പണിക്കർ, വൈരമൺ പണയിൽ)

വൈരമൺ ഹില്ലോക്ക്,കുഴിമതിക്കാട്,കുണ്ടറ

ആകസ്മികമായ വേർപാടിന്റെ വേദനയോടെ:
അമ്മ,ഭാര്യ,മക്കൾ, മരു മക്കൾ,കൊച്ചു മക്കൾ, സഹോദരങ്ങൾ.
Inserted by: Sorrowing brothers & Sisters
ചാണ്ടപിള്ള പണിക്കർ കെ., സൂസമ്മ പണിക്കർ കെ., സജി പണിക്കർ കെ., ജയമോൾ കെ., ജിജി പണിക്കർ കെ., കോശി പണിക്കർ കെ.

THE GOOD SHEPHERD
BULLETIN

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
സജി എബ്രഹാം

എഡിറ്റോറിയൽ അഡ്വൈസർ
പ്രഫ. ഡോ.ജോസ് പാറക്കടവിൽ

മാനേജിങ് എഡിറ്റർ
ഡോ. തോമസ് മണ്ണിൽ

പ്രിന്റർ & പബ്ലിഷർ
ഷാജൻ മാത്യു

അംഗങ്ങൾ
ഡോ. കെ.കെ കൊച്ചുകോശി
ഡോ. അലക്സ് ഫിലിപ്പ്
ജോസ് കെ. തോമസ്
ദീപു ജോർജ്

ഫോൺ : 94470 97422
Email: bulletin@tgsfellowship.org